# ആത്മപോഷിണി

| പുസ്തകം ൧. | ൧൦൯൨ കന്നി | ലക്കം. ൩. |
|---|---|---|

## മംഗളം

ദ്രാക്ഷാമാധുരി മൈധുരിക്കുമധികം ചേണാന്ന വീണാരവം
ത്ര്യക്ഷാധിക്കുമധീനമാം വിധമധിക്ഷ്മാഭാഗമാഭാമയം
ദ്രാക്ഷാപാകരസത്തൊടൊത്തു ലളിതാലങ്കാരസങ്കേതമാം
സാക്ഷാൽ സൽക്കവിതക്കെഴുന്ന സരസക്കേപ്പിന്നു കൂപ്പുന്നു ഞാൻ.

—പന്തളം കേരളവർമ്മ തമ്പുരാൻ

## ഭാഷാഭാരതം — ചമ്പു.

### III

ഇനി, രസത്തെക്കുറിച്ചാണ് ആ
ലോചിക്കേണ്ടത്. യാതൊന്നിന്റെ ശ
ക്തിയാൽ ശ്രവണമാത്രയിലോ ആലോ
ചനാമാത്രയിലോ നമ്മുടേ മനസ്സിനു വികാ
സവും ദ്രവാവസ്ഥയും ജനിക്കുന്നുവോ; യാ
തൊന്നിന്റെ ശക്തിയാൽ, ഒരു കഥയി
ലെ പാത്രങ്ങൾക്കുണ്ടാകുന്ന ശോകസന്തോ
ഷാഹ്ലാദാദ്യവസ്ഥാഭേദങ്ങളിൽ, തത്ത
ദ്വികാരങ്ങൾ വായനക്കാരന്റെ മനസ്സി
ലും അങ്കുരിച്ചു പ്രവൃദ്ധമായി പരിപക്വത
യെ പ്രാപിക്കുന്നുവോ; അതുതന്നെയാണ്
രസം. ഈ രസത്തെ ഔചിത്യത്തോടുകൂ
ടി ഉപയോഗിക്കുമ്പോൾ, അതിനു സഹൃ
ദയഹൃദയത്തെ സമാഹ്ലാദിപ്പിക്കുന്നതിനു
ള്ള ശക്തി സിദ്ധിക്കുന്നു. ഇങ്ങനെ ഉള്ള
രസത്തെ [illegible]വശ്യാനുകൂലയായ പുഷ്ടിയോ
ടുകൂടി ഉപയോ
കർത്താവ് അട
ണ്ണിതിലെ പ്രധാ
ഇതിൽ അസാമാന്യ
ത്തോടുകൂടി കാണാവു
നാൽ ഉദാഹരണങ്ങൾ
ഇതരരസങ്ങളിൽ കരു
ധാന്യമേറുന്നു. കിരാതൻ ക
ഡിക്കയാൽ നിരാതങ്കഭാവത്തി
തട്ടി രക്തം വമിച്ചും സ്രവിച്ചും

ഭ്രമിച്ചും ക്ഷതം ഭവിച്ചും ദീനാവസ്ഥയിൽ പ്പെട്ട തജ്ജിതനും ബലവജ്ജിതനും ആയ അർജ്ജുനൻ ആജ്ജവഭക്തിയോടെ വില പിക്കുന്ന ഭാഗം കരുണരസപ്രയോഗത്തിൽ കവിയ്ക്കുള്ള ശക്തിയെ പ്രകാശിപ്പിക്കുന്നതാകുന്നു.

"ദ്രോണാചാൎയ്യ, ബഭൂവ തേദ്യ വിഫലാ
    ശിക്ഷാകൃപാവാൻ ഭവാൻ
പ്രാണാധിക്യമിയന്ന സോമകനെയും
    ബന്ധിച്ച യുദ്ധാങ്കണേ
ചേരണലും ഗുരുദക്ഷിണാം വിഹിതവ-
    ന്തം മാം കരേണ സ്പൃശൻ
വാണീം യാം വ്യതനോശ്ച സാ പുനരഹോ!
    ജാതാ നിരത്ഥാക്ഷരാ."

"ദ്രോണാചാൎയ്യ, അങ്ങ് എന്റെ ബാല്യകാലത്തിൽ അഭ്യസിപ്പിച്ച ധനുൎവ്വേദമൎമ്മങ്ങളെല്ലാം, ഈ കിരാതനോടു പരാജയം സംഭവിച്ചതിനാൽ വിഫലങ്ങളായി. സോമകനെ ബന്ധിച്ച ഗുരുദക്ഷിണ ചെയ്ത അവസരത്തിൽ എന്നെ അനുഗ്രഹിച്ചു പറഞ്ഞ ആ വാക്കുകളും അത്ഥശൂന്യകളായി" എന്ന ഭാഗം, പരാഭൂതനായ അജ്ജുനന്റെ ദയനീയമായ മനോഭാവത്തെ കരുണരസസ്നേഹാവസിക്തമാക്കി പ്രദശിപ്പിക്കുന്നു.

നിൻഗളതലരുധിരം
ങ്ങണാം-
-ത്തവ ഹൃദയവിഷാ-
ദാനീം;
ിൻ മൎമ്മണി നിശിതശരാ-
ല്പിച്ചപോരും
പാണ്ഡവൻ പോയിതു യമസദനേ
ൃ താം മാനഹാനിം."

പ്രകൃതത്തിലെ തന്നെ മറ്റൊരു
ാകുന്നു. "കുന്താ നീ തന്നെ ഭാഗ്യവാൻ! എന്തെന്നാൽ ഇനി നിന്നെ വധിക്കുന്നവരാരാണുള്ളത്? ശരങ്ങളെക്കൊണ്ടു നിന്റെ മൎമ്മവിച്ഛേദനം ചെയ്യുവന്ന ആ അജ്ജുനൻ ഇതാ നിജ്ജീവനായി നിജ്ജരപുരത്തിൽ പോവാൻ ഉദ്യമിക്കുന്നു." മനസ്സിൽ ഉന്തിത്തള്ളിവരുന്ന വികാരങ്ങളെ ഇതുപോലെ ഔചിത്യാദിക്രമത്തിനു ഭംഗം വരാതേയും, അത്ഥകല്പനയ്ക്കു ന്യൂനത സംഭവിക്കാതേയും പ്രകടിപ്പിക്കുന്നതു വളരെ പ്രയാസമാണ്. ഖണ്ഡിതവപുസ്സായി, ദണ്ഡധരമണ്ഡിതമായ പുരമണ്ഡലത്തിലേയ്ക്കു നിദ്ദിഷ്ടയാത്രനായ സുത്രാമപുത്രന്റെ തദവസ്ഥയിലുള്ള ദൌസ്ഥ്യത്തെ ഇത്തരത്തിൽ പ്രസ്താവിച്ച കവി ലോകത്തിൽ ആഭ്യന്തരപ്രകൃതങ്ങളിലും ദൃഷ്ടിവയ്ക്കുന്ന ആളാണെന്നു തെളിയുന്നു.

"നാട്ടും ഗേഹങ്ങളും നിൻ വിവിധധനവുമേ-
    താൻ നിജാൻ ബന്ധുവൎഗ്ഗാ-
നീടേറും ഭൃത്യലോകാൻ പരിചിലവരജാ-
    നാത്മദാരാനധീനാൻ
കൂടീട്ടും മോദമോടേ നരവര! പണയം
    വെച്ചതോ യുക്തമല്ലോ;
തേടീട്ടുന്നില്ല ഖേദം പുനരതിനു വിഭോ,
    ഹന്ത! ഞാൻ ദീനദീനാ.
മാനീ മേ ഹന്ത! താതൻ ദ്രുപദനൃപവരൻ,
    തന്റെ യാഗാഗ്നി ചേരും
ചേരണലും വേദിമദ്ധ്യാദലഭത മതിമാ-
    നാത്മജാം യാമിമാം മാം;
വീരനോഷ്ഠാ വഹ്നിജന്മാ മമ ബത! സഹജൻ;
    പാപദുശ്ശാസനേന
ക്ഷീണാം ഞാനസ്സഭായാം വിവശതരമിഴ-
    ച്ചുപ്പെട്ടുംമാറുവന്നു."

പരിത്യക്തരാജ്യാദിവിഭവനായ ധൎമ്മപുത്രരോടു പാഞ്ചാലി പറയുന്ന രണ്ടു പദ്യങ്ങളാണിവ. എത്രയോ പ്രൌഢമായും മഹത്തായും ഉള്ള രാജസ്ഥാനോചിതസുഖാനു

ഭവത്തിന് അഹന്മാരായവക്ക് പെട്ടെന്ന് എത്ര വിധങ്ങളായ ദുർദ്ദശകൾ സംഭവിക്കുമ്പോഴും ഉണ്ടാകുന്ന ശോച്യാവസ്ഥയെ ഇതിൽ സ്പഷ്ടമാക്കിയിട്ടുണ്ട്. മൃതപുത്രനായ അർജ്ജുനന്റെ വിലാപത്തിൽനിന്നു ചില ശ്ലോകങ്ങൾ താഴെ ചേർക്കുന്നു.

"ത്രൈലോക്യാധിപനങ്ങു മാതുലനഹോ!
കഷ്ടം! ജനിത്രീ സതീ;
ചേലേന്തുന്ന പിതാമഹൻ ത്രിദിവലോ-
കാധീശനോർത്തീട്ടു നീ;
വേലാതീതഭുജാപരാക്രമഭൃതോ
ഭവ്യാഃ പിതൃവ്യാസ്തു തേ;
ഹാ, ലോകോത്തരവീര്യ! സാമ്പ്രതമിമാം
പ്രാപ്തോസി കഷ്ടാം ദശാം."

ഒരുവിധത്തിലും അകാലമരണത്തിന് അർഹതയില്ലാത്ത നിനക്ക് എങ്ങിനെയാണീ ദുർമ്മൃത്യു വന്നത എന്നത് ഇവിടെ അങ്കുരിതമായ അർജ്ജുനവിഷാദത്തെ പ്രവൃദ്ധമാക്കുന്നു. കുട്ടിക്കാലത്തു ശിശുക്കളെ എടുത്തു മടിയിൽ വെച്ചു വാത്സല്യത്തോടുകൂടി സ്മിതാസമ്മിളിതമായ മുഖത്തെ കൊടുത്തിട്ടുള്ള മാതാപിതാക്കന്മാർക്ക് ആ ബാലന്മാരുടെ ഉദകക്രിയ ചെയ്യേണ്ടിവരുന്നതിൽ ഉണ്ടാകുന്ന വിഷാദം എത്രയോ അവാച്യമാണ്. ആ സ്ഥിതിയുടെ ദയനീയത താഴെ പറയുന്ന പദ്യം കാണിക്കുന്നു.

"അലംബ്യ നിന്നെ മടിയിൽസ്ഥിതയാ സമേതം
പാലൻപിനോടു വദനേ തവ നൽകിനേൻ ഞാൻ
കാലം മഹാന്തമയി, തേ സതിലം നിവാപം
നാലം പ്രദാതുമധുനാ, വിധിനാ ഹതോസ്മി."

ഇതുപോലെ കുട്ടികളുടെ ചെറുപ്പകാലത്തുള്ള ഓരോ സംഗതികളെക്കുറിച്ചും സ്മരണയുണ്ടാകുകയും, അപ്പോളെല്ലാം ഹൃദയത്തിൽ പ്രവൃദ്ധമായ ശോകാഗ്നി ഉദ്ദീപിക്കയും ചെയ്യും. ഇതുകൊണ്ടാണ്,

"ഹാഹാ, വത്സ, മനോജ്ഞശീല, സരസം
നീ മാതുരങ്കേ മുദാ
സാകൂതം മുലയും കുടിച്ചു മരുവു-
മ്പോഴും മദാലോകനേ
വേഗാലോടി വരുന്നതും, ദൃഢതരം
പുൽകുന്നതും മാനസാൽ
പോകുന്നീലൊരുനേരവും; ഹതവിധേ,
നിൻക്രൌര്യമത്യുത്ഭുതം!
ആബദ്ധനീലമൃദുകുന്തളമസ്രശിക്ഷാ-
മാവർത്തയന്തമനിയന്ത്രിതചാരുവേഷം
ആവിഷ്കൃതാംബുകമനുസ്മരതോ ഭവന്തം
ഹേ വത്സ, മുഗ്ദ്ധമുഖ, ദഗ്ദ്ധമിദം മനോ മേ."

ഈ രണ്ടു പദ്യങ്ങളും അർജ്ജുനന്റെ വിഷാദത്തെ അധികം തന്മയത്വത്തോടുകൂടി കാണിക്കുന്നത്. ജനങ്ങളുടേയും പ്രകൃതിയുടേയും സ്വഭാവങ്ങളെ അതാതുനിലയിൽ വർണ്ണിക്കാൻ നമ്മുടെ കവിക്കുള്ള സാമർത്ഥ്യം സാമാന്യമല്ല.

"മോഹാൽ വീണു തളർന്നു കേചന;
ഹാഹാ! ദൈവമിതെന്നു കേചന;
പേടിപിടിച്ചു വിറച്ചു കേചന;
പാർത്താതെ നടകൊണ്ടു കേചന."

എന്നിങ്ങനെ ഭഗവദ്വിശ്വരൂപാവലോകനസന്ദർഭത്തിൽ ദുര്യോധനസദസ്സിലേയും,

"പേടി പിടിച്ചുടനലറിക്കൊണ്ടു ഹി-
രണ്മയകംബളമാധോരണനെയു-
മകലെ വെടിഞ്ഞുകളഞ്ഞു ജവത്തൊടു
മണ്ടും കുഞ്ജരയൂഥം
പാച്ചിൽ പിടിച്ചു തുരംഗമസംഘം-
തന്നൊടിടഞ്ഞു പിടഞ്ഞു മറിഞ്ഞു."

എന്നും പടക്കളത്തിലേയും അവസ്ഥകളെ വർണ്ണിച്ചിരിക്കുന്നു. അപ്പോൾ അവിടെയുണ്ടായ സംഭ്രമം ഈ വർണ്ണനകൊണ്ടു സുവ്യക്തമാകുന്നു. ഇതുപോലെ, ശിവന്റെ നായാട്ടിനുള്ള പുറപ്പാടു, താണ്ഡവതാഹം മുതലായ ഘട്ടങ്ങളിലെ വർണ്ണനകളും ചിന്ത്യ

കളാകുന്നു. അലങ്കാരപ്രയോഗവൈഭവം കൊണ്ടും വൎണ്ണനകൾക്കു പല ഘട്ടങ്ങളിലും സ്വാരസ്യം വരുത്തിയിട്ടുണ്ട്.

സമരാങ്കണത്തിൽവെച്ച് യുദ്ധവിമുഖനായ അൎജ്ജുനനു ഭഗവാനും, ധൎമ്മപുത്രൎക്കു ഭീഷ്മരും ഉപദേശിക്കുന്ന ഇതിലെ ഭാഗങ്ങൾ വിജ്ഞാനഗൎഭങ്ങളാകുന്നു. വേദാന്തസാരപ്രതിപാദകമായ ഭഗവൽഗീതയിൽ പറയുന്ന പല തത്ത്വങ്ങളേയും,

> "കൎത്താഥവാ കാരയിതാ ന കശ്ചിൽ
> സുഖസ്യ, ദുഃഖസ്യ ച വിദ്യതേത്ര
> സ്വകൎമ്മ ഭുംക്തേ സകലോപി ലോകഃ
> കിം തത്ര കൎത്തൃത്വപരിഭ്രമേണ?
> മായാകല്പിതമീപ്രപഞ്ചമഖിലം
> ജന്തുൎൽക്കരോ യന്ത്രിത-
> പ്രായോയം നിജകൎമ്മപാകവിവശോ
> ഭുംക്തേ തദീയം ഫലം"

എന്ന് ഈ ഘട്ടത്തിൽ ചുരുക്കിപ്പറഞ്ഞിരിക്കുന്നു. രാജ്യഭരണവിഷയത്തിൽ ഒരു രാജാവ് അറിഞ്ഞിരിക്കേണ്ട പല വിഷയങ്ങളും അടങ്ങിയിരിക്കുന്ന ഭീഷ്മോപദേശം, രാമായണചമ്പുവിലെ അഭിഷിക്തനായ ശ്രീരാമനോടുള്ള വസിഷ്ഠന്റെ ഉപദേശത്തെ അനുകരിക്കുന്നുണ്ട്.

ഭാരതചമ്പുവിൽനിന്ന് അക്കാലത്തെ പല കാൎയ്യങ്ങളും ഗ്രഹിക്കാം. ധൎമ്മപുത്രർ യുദ്ധത്തിനു രാജാക്കന്മാരെ ക്ഷണിക്കുന്നതിന് എഴുത്തയയ്ക്കുന്നതു മടക്കോലകളിലാണ്; അക്കാലത്തു ജനങ്ങൾ ഓലകളിലാണ് എഴുതാറുള്ളതെന്നു സ്പഷ്ടമാകുന്നു. 'ദൂരെപ്പോ, വന്നു തീണ്ടിടരുത്' എന്ന് അൎജ്ജുനൻ കിരാതന്റെ അടുക്കൽ പറയുന്നതിൽനിന്നു, നമ്പൂരിമാൎക്കു തീണ്ടലിൽ സ്വാഭാവികമായി ഉള്ള വൈമുഖ്യം അങ്കുരിക്കുന്നു. വെടിയും മറ്റും അക്കാലത്തു യുദ്ധത്തിനുപയോഗിച്ചിരുന്നതായി ഭാരതചമ്പുവിൽനിന്നു തെളിയുന്നുണ്ട്. എഴുത്തച്ഛന്റെ അധീനതയിലുള്ള കുട്ടികളുടെ വിദ്യാഭ്യാസരീതിയും ശിശുക്കളുടെ ക്രീഡാവിശേഷങ്ങളും മറ്റും അന്ത്യഗദ്യത്തിൽ നിന്നറിയാം. ഇങ്ങിനെ പല കാൎയ്യങ്ങളും ഭാരതചമ്പുവിൽ നിന്നറിയാവുന്നതാണ്. കുഞ്ചൻനമ്പ്യാരുടെ ഫലിതപ്രയോഗത്തിനു വഴി കാണിക്കുന്ന പല ഭാഗങ്ങളും ഈ ചമ്പുവിൽ ഉണ്ട്.

ഈ കൃതിയിൽ സാൎവ്വത്രികമായി കാണുന്ന ദോഷം യതിഭംഗമാണ്. ഇതിലെ യതിഭംഗബാഹുല്യം കാണ്മാൽ, ഇത് ഒരു ഗുണമാണെന്നുകൂടി തൽക്കൎത്താവു ധരിച്ചിരുന്നതായി തോന്നും. മമ്മാ, കയ്യൻ, വിട്ടമ, നല്ലെ, ചൊല്ലവല്ലേൻ, ഒപ്പാ എന്നിങ്ങിനെ പല പഴയ പ്രയോഗങ്ങളും ഇതിലുണ്ട്. 'ഉളവാം' എന്നതിന് 'ഉളാം' എന്നും, 'തഴകും' എന്നതിനു 'തകും' എന്നും പല ഘട്ടങ്ങളിലും ഉപയോഗിച്ചിരിക്കുന്നു. ഈ ദോഷം ഈ കൃതിയിലെവിടെയും കാണാം. അകകാമ്പു- മനകാമ്പ് എന്ന പല വികലപ്രയോഗങ്ങളുമുണ്ട്. ഖണ്ഡിച്ചുപറയുക എന്നതിനു മുറിയെച്ചൊൽക എന്നത് ഒരു നവീനപ്രയോഗമാണ്. നാലുപേരും എന്നതിനു നാലരും എന്നുപയോഗിച്ചിരിക്കുന്നു. ചെറുമൻ, കാട്ടാളും ചെയ്യു മുതലായ പദങ്ങളും ചുരുക്കമല്ല. ഈവക ദോഷങ്ങൾ ചിലപ്പോൾ കവിതാഭംഗിക്കു ഹാനിയെക്കൂടി ചെയ്യുന്നുണ്ട്.

ഭാഷാരീതി മണിപ്രവാളമാണെങ്കിലും അവ്യുൽപ്പന്നന്മാൎക്കു മനസ്സിലാകാത്ത

വിധം സംസ്കൃതപ്രയോഗബാഹുല്യം ഇതിലുണ്ട്. മുഴുവൻ സംസ്കൃതമായ പദ്യവും ഗദ്യവും ഇതിലവിടവിടെ കാണാം.

"തലയുമെട്ടത്തക്കൊമ്പുമുയർത്തി-
ത്തുമ്പിക്കൈകൊണ്ടമ്പിളികലയെ
തൊട്ടുതൊടാതൊളമുന്നതിക്കൈക്കൊ-
ണ്ടുടലിലശേഷം........"

എന്നും,

"ബാലത്തിങ്കളുമന്നിലിമ്പധുനിയും
വൈരിഞ്ചമുണ്ഡങ്ങളും
വ്യാളത്തിൻഫലടയും തഴച്ച ജടയും
ഹാലാഹലജ്വാലയും"

എന്നും മററും ഹൃദയംഗമമായ മണിപ്രവാളരീതിയും പലേടത്തും ഉണ്ട്. എങ്കിലും പദങ്ങളിൽ സംസ്കൃതത്തിനു പ്രാധാന്യം കൊടുത്തിരിക്കുന്നു.

എല്ലാംകൊണ്ടും നിരൂപിക്കയാണെങ്കിൽ ഭാരതചമ്പു ഭാഷയിലെ ഒരു വിശിഷ്ടസമ്പാദ്യമാണെന്നു നിസ്സംശയം പറയാം. കവിതയുടെ മാധുര്യം, രസപുഷ്ടി, വർണ്ണനാവൈഭവം മുതലായവ ഭാരതചമ്പുവിൽ എവിടേയും തിങ്ങുന്നുണ്ട്. പുനം നമ്പൂതിരിയുടെ തൂലികാശ്ശക്തിയിൽ ജനിച്ച ഈ കൃതിരൌക്തികം എന്നെന്നും ഭാഷായോഷയുടെ ഗളമണ്ഡലത്തിനു ദീപ്തിയെ വൎദ്ധിപ്പിച്ചുകൊണ്ടു വിജയിക്കുമെന്നു വിശ്വസിക്കുന്നതിൽ യാതൊരബദ്ധവും ഇല്ല.

വൈക്കം. — വടക്കുംകൂർ രാജരാജവൎമ്മരാജാ.

## ആത്മഹത്യ.

ആയിരം ഉറുപ്പിക രാമൻ കൃഷ്ണനു കൊടുക്കുമ്പോൾ കൃഷ്ണൻ തൻെറ പറമ്പു രാമനു വില്ക്കുമെന്നു വാഗ്ദാനം ചെയ്യുന്നു. ഉറുപ്പിക കൊടുത്തുകഴിഞ്ഞാൽ പറമ്പു വാങ്ങി കിട്ടുവാൻ രാമൻ അർഹനായി; വിററുകൊൾവാൻ കൃഷ്ണൻ ബാദ്ധ്യസ്ഥനുമായി. കൃഷ്ണൻ വില്ക്കുന്നില്ലെങ്കിൽ ഗവൎമ്മേണ്ടുമുഖേന വില്പിക്കുവാൻ രാമന്നധികാരമായി. ഇങ്ങിനെ ഒരുവൻെറ ബാദ്ധ്യത മറെറാരുവൻെറ അർഹതയായിരിക്കുന്നുവെന്നു വ്യക്തം. വേറൊരുതരം ബാദ്ധ്യതയുണ്ട്. അത്താം ബാദ്ധ്യത അർഹതക്കു കാരണമാകുന്നില്ല. മനുഷ്യർ സത്യനിഷ്ഠയോടുകൂടിയിരിപ്പാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ ഈ ബാദ്ധ്യതയിൽനിന്നു മററു മനുഷ്യൎക്ക് ഒരു അർഹത സിദ്ധിക്കുന്നില്ല. ഒരുവൻെറ അസത്യവൃത്തിയിൽനിന്നു മറെറാരുവന്നു വല്ല ദോഷമോ നഷ്ടമോ ചില വ്യവസ്ഥിതസന്ദൎഭങ്ങളിൽ നേരിടുമ്പോൾ മാത്രമേ ഗവൎമ്മേണ്ടിന്ന് ആ സത്യവാൻെറ നേരെ പ്രവൎത്തിച്ചുകൂടു. ഇനി മൂന്നാമതൊരുതരം ബാദ്ധ്യതയുണ്ട്. അതും അർഹതയുടെ സൃഷ്ടിയോ സ്രഷ്ടാവോ ആയിരിക്കുന്നില്ല. എങ്കിലും അതു മേലെ രണ്ടാമതു പറയപ്പെട്ട ഇനത്തിൽ നിന്നു വ്യത്യാസപ്പെട്ടതാണ്. ആ ബാദ്ധ്യതക്കെതിരാ

യി പ്രവൎത്തിക്കുന്ന പക്ഷം യാതൊരു മനുഷ്യനും അതുകാരണമായി ദോഷമോ നഷ്ടമോ സംഭവിക്കുന്നില്ല. എന്നാൽ മനുഷ്യസമുദായത്തിന്ന് അതുനിമിത്തം അനൎത്ഥമുണ്ടാവാനിടയുണ്ടെന്ന ന്യായത്തിന്മേൽ ആ പ്രവൎത്തകന്റെ നേരെ ഗവൎമ്മെണ്ടു ചില നടപടികൾ നടത്തുന്നു. ഈ ഇനത്തിൽ പെട്ടതാകുന്നു, ആത്മഹത്യ ചെയ്യാതിരിപ്പാൻ നമുക്കെല്ലാവൎക്കുമുള്ള ബാദ്ധ്യത.

ആകയാൽ ആത്മഹത്യ പരിഷ്കൃതരാജ്യങ്ങളിലെല്ലാം നിയമനിഷിദ്ധമായ ഒരു കൎമ്മം (അല്ലെങ്കിൽ കുററം) ആയിട്ടാകുന്നു കരുതപ്പെടുന്നത്. ഈ കുററത്തിന്നും ഒരു വിശേഷതയുണ്ട്. മററു കുററങ്ങളുടെ സംഗതിയിലെപ്പോലെ ഈ കുററം നടത്തിയ ആളെ ശിക്ഷിപ്പാൻ സാധിക്കയില്ല. അത് ആ കൎമ്മത്തിന്റെ സ്ഥിതിക്ക് അനുസ്യൂതവുമാണ്. ആകയാൽ ഈ കുററം ചെയ്വാൻ ശ്രമിക്കുന്ന കുററം മാത്രമാണ് ശിക്ഷാൎഹമായിരിക്കുന്നത്. പൂൎണ്ണമായ കൎമ്മത്തിന്നു ശിക്ഷയില്ലാതെ അപൂൎണ്ണാവസ്ഥ ശിക്ഷണീയമെന്ന കാൎയ്യത്തിന്ന് ഇതൊരു ദൃഷ്ടാന്തമാകുന്നു.

ആത്മഹത്യ എന്നത് എന്താകുന്നുവെന്ന ഒരു വിവരണം ആവശ്യമില്ലാത്തതാകുന്നു. ആത്മാവിന്റെ അനശ്വരതയേപ്പററി വിശ്വാസമുള്ളയാതൊരുത്തരോടും, ആത്മഹത്യയെന്നത് ആത്മാവിന്റെ ഹത്യയല്ലെന്നും ആത്മാവിനാൽ, അതായതു തന്നാൽതന്നെ, ചെയ്യപ്പെടുന്ന ഹത്യ(കൊല)യാണെന്നും ആരും പറഞ്ഞുകൊടുക്കേണ്ടതില്ല. ഒരുവന്റെ മരണത്തിന്ന് അവൻതന്നെ കാരണമായിത്തീരുകയും, അതു മരണം വരുത്തേണമെന്ന് അവൻ ഉദ്ദേശിച്ചു ചെയ്ത പ്രവൃത്തിയാലായിരിക്കുകയും ചെയ്യുമ്പോൾ, ആ മരണം ആത്മഹത്യയെന്നു വിളിക്കപ്പെടുന്നു.

ജീവിതയുദ്ധത്തിൽ അപ്രതിഹന്യമാനമായിക്കാണപ്പെടുന്ന വല്ല സംഗതികളാലും മനസ്സിന്ന് അസഹ്യമായ വേദനയോ, അഭേദ്യമായ പ്രതിബന്ധമോ തോന്നുമ്പോൾ ജീവിതത്തോടു തന്നെ വെറുപ്പു തോന്നിപ്പോകുന്നു. അപാരമായ അവമാനമെന്നു കരുതപ്പെടുന്ന ചില സംഗതികളിൽ മരണം ആ അവമാനത്തിലും ശ്രേഷ്ഠമെന്നും തോന്നിപ്പോകുന്നു. അപ്പോഴാകുന്നു ആത്മഹത്യയെ ശരണം പ്രാപിപ്പാൻ മനുഷ്യൎക്കു മനസ്സുവരുന്നത്. "ഇനി ജീവിച്ചിരുന്നിട്ടു ഫലമില്ല" എന്നു പലരും പലപ്പോഴും പറയുന്നതു നമുക്കു കേൾക്കാം. എന്നാൽ അങ്ങിനെ മനഃപൂൎവ്വം വിശ്വസിച്ചു ഹൃദയം ഞെരുങ്ങുന്ന അവസരത്തിലാകുന്നു, ചിലർ ആത്മഹത്യ ചെയ്തുപോകുന്നത്. തൽക്കാലഭ്രാന്തിയാണ് എല്ലാ ആത്മഹത്യയ്ക്കും കാരണമെന്നാണ് പാശ്ചാത്യവൈദ്യന്മാർ അഭിപ്രായപ്പെടുന്നത്.

എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ആത്മഹത്യ നിയമനിഷിദ്ധമാണെന്നു മേലെ പ്രസ്താവിച്ചുവല്ലോ. ഈ ഒരു കാരണത്താൽ തന്നെ ഇതു ബാദ്ധ്യതാബോധത്തോടുകൂടിയ പൌരന്മാരാൽ ശ്രദ്ധേയമായ ഒരു വിഷയമായിത്തീൎന്നിട്ടുണ്ട്. ആത്മഹത്യയിലേയ്ക്കു ചെരിഞ്ഞിരിക്കുന്ന മനോഗതി ഒരുതരം സാംക്രമികരോഗമാണെന്നും, ആകയാൽ അതിനെ കഴിയും വിധം നിരോധിക്കാതിരുന്നാൽ പ്രജാസമൂഹത്തിൽ ഗണ്യമായ ഒരു ഭാഗം നഷ്ട

മായിപ്പോകുമെന്നും ആകുന്നു ഗവൎമ്മെണ്ടിന്റെ ഒരു ന്യായം. മനുഷ്യനുള്ള സൎവ്വഭയങ്ങളിലും വെച്ച് ഏററവും മഹത്തായിരിക്കുന്നതു മരണഭയമാണെന്നും, അതില്ലാതിരിക്കുന്ന ഒരുവൻ സമുദായത്തിന്നു വലിയ അനൎത്ഥകാരിയായിരിപ്പാനിടയുണ്ടെന്നും, ആകയാൽ അത്തരം വാസനയെ മുളയിൽത്തന്നെ നുള്ളിക്കളയേണ്ടതാണെന്നുമാണ് നിയമകൎത്താക്കന്മാരുടെ മറെറാരു ന്യായം. എന്നാൽ ഈ വക ഭയങ്ങളും ന്യായങ്ങളുമെല്ലാം വ്യൎത്ഥഭ്രമമാണെന്നും, അവനവന്റെ ജീവിതംകൊണ്ടും ശരീരംകൊണ്ടും അവനവന്നു തോന്നുന്നതുപോലെ പ്രവൎത്തിപ്പാൻ ഓരോ മനുഷ്യനും അധികാരമുണ്ടായിരിക്കേണ്ടതാണെന്നും വാദിക്കുന്നവരും ഇല്ലെന്നില്ല. ഇവരുടെ വാദപ്രകാരം, നഗ്നരൂപിയായി നഗരങ്ങളിൽ അലയുന്നവരെ ആട്ടിയകററുന്നതും അന്യായമായിരിക്കുന്നതാണ്. ഇവരുടെ അഭിപ്രായത്തിന്നനുസൃതമായി നിയമങ്ങളിൽ ഭേദഗതി വരുവാൻ ഇനിയും തുടങ്ങീട്ടില്ലെന്നതുകൊണ്ടു തന്നെ നമുക്കു തൽക്കാലം സമാധാനിക്കാം.

നേരേമറിച്ചു, ദൈവം നമ്മിൽ നിൎത്തിട്ടുള്ള ജീവിതത്തെ അതിന്റെ സ്വാഭാവികമായ അന്ത്യംവരെ നില്പാനനുവദിക്കാതെ നമ്മുടെ രുചിയേയൊ അരുചിയേയൊ ആസ്പദമാക്കി അവസാനിപ്പിച്ചുകൊള്ളുവാൻ നമുക്കു യാതൊരവകാശവുമില്ലെന്നു വാദിക്കുന്ന തത്വജ്ഞാനികളും അസംഖ്യമുണ്ട്. ഭരണാധികൃതന്മാരുടെ ഭാഗംകാണുന്ന നിൎബ്ബന്ധവും, ഈ വിധം തത്വജ്ഞാനികളുടെ മതവും എല്ലാംകൂടി ആലോചിക്കുമ്പോൾ ഇവരോടു യോജിക്കുന്നതിലേയ്ക്കാകുന്നു യുക്തിയും സൌകൎയ്യവും സഹായിക്കുന്നത്. ടോൾസ്റ്റോയി എന്ന പ്രസിദ്ധ തത്വശാസ്ത്രജ്ഞൻ, അദ്ദേഹം ഒരിക്കൽ എഴുതിയ ഒരു എഴുത്തിൽ താഴെ പറയും പ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"തന്നെത്താൻ കൊലചെയ്യുന്നതു കേവലം ബുദ്ധിശൂന്യമായ ഒരു കൃത്യമാകുന്നു. അത് ഒരു ചെടിയെ നശിപ്പിപ്പാൻ ആഗ്രഹിക്കുന്ന ഒരാൾ അതിന്റെ തണ്ടിനെ വെട്ടിക്കളയുന്നതുപോലെയാകുന്നു. ചെടി നശിക്കുന്നില്ല; അതിന്റെ വളൎച്ച തടസ്ഥപ്പെട്ടു താറുമാറാകുന്നതേയുള്ളു. ജീവൻ അനശ്വരമാണ്. അതിന്നു സ്ഥലകാലപരിമിതി ഇല്ലാ. ആകയാൽ മരണത്തിന്നു ജീവന്റെ രൂപത്തെ മാററുവാനും, ഈ ലോകത്തിലെ അതിന്റെ പ്രത്യക്ഷഭാവത്തെ നശിപ്പിപ്പാനും മാത്രമേ സാധിക്കുകയുള്ളു. ഞാൻ എന്റെ ഇഹലോകവാസത്തെ അവസാനിപ്പിക്കുന്നുവെന്നു വിചാരിക്കുക. ഒന്നാമതായി, പരലോകത്തിൽ എന്റെ ജീവിതം സുഖകരമായിരിക്കുമോ എന്ന് എനിക്കു നിശ്ചയമില്ല. രണ്ടാമതായി, ഈ ലോകത്തിൽ തന്നെ അനുഭവയോഗ്യമായതെല്ലാം സമ്പാദിക്കുന്നതിലേയ്ക്കുള്ള സൌകൎയ്യങ്ങളെ ഞാൻ സ്വയമേവ നശിപ്പിക്കുകയും ചെയ്യുന്നു. ഇതിന്നു പുറമെ, ഏററവും പ്രധാനമായ മറെറാരു സംഗതി, ഞാൻ എന്നെത്തന്നെ കൊല്ലുകയെന്നത്, എന്റെ ബുദ്ധിഹീനതയുടെ പ്രത്യക്ഷ ലക്ഷണമാണെന്നതാകുന്നു. എന്തുകൊണ്ടെന്നാൽ, ഇഹലോകവാസം അസുഖമായി തോന്നുന്നുവെന്ന ഏകകാരണത്താൽ അതിനെ നശിപ്പിക്കുന്നുവെന്നതു നിമിത്തം, ജീവിതോദ്ദേ

ശത്തെക്കുറിച്ച് എനിക്കുള്ള അബദ്ധധാരണ വെളിപ്പെടുന്നു; ആ ഉദ്ദേശം സുഖാനുഭവമാണെന്നു ഞാൻ കരുതുന്നപ്രകാരം അതുകൊണ്ടു തെളിയുന്നു. എന്നാൽ ജീവനത്തിന്റെ സൂക്ഷ്മോദ്ദേശം അദ്ധ്യാത്മപരിഷ്കരണവും മഹാജനപരിചരണവുമത്രെ. ആകയാൽ ആത്മഹത്യ സദാചാരവിരുദ്ധമാകുന്നു. നമ്മുടെ ജീവിതം നമ്മിൽ സമർപ്പിച്ചിട്ടുള്ളത് അതിന്റെ പ്രകൃത്യന്താം വരാ പരപരിചരണത്തിൽ വിനിയോഗിക്കപ്പെടുവാൻ വേണ്ടിയാണ്. ജീവിതം തനിക്കു സുഖപ്രദമായിരിക്കുന്നേടത്തോളം മാത്രമേ ആത്മഹത്യാകർത്താവ് അതിനെ അനുഭവിക്കുന്നുള്ളു. എന്നാൽ സൂക്ഷ്മമാലോചിച്ചാൽ ജീവിതം എപ്പോൾ അസുഖകരമാവാൻ തുടങ്ങുന്നുവോ, അപ്പോൾ മാത്രമാണ് അതിന്റെ പ്രയോജനവും തുടങ്ങുന്നതെന്നു സമ്മതിക്കേണ്ടിവരും. ഏതു പ്രവൃത്തിയുടെയും ആദ്യഫലം അസുഖകരമാണല്ലോ.”

ഹിന്തുക്കൾ പ്രായേണ ഈ അഭിപ്രായത്തോടു യോജിക്കുന്നവരായിരിക്കും. പഞ്ചമഹാപാതകങ്ങളിൽ ഒന്നായ ബ്രഹ്മഹത്യയോടു തുല്യമായിട്ടാകുന്നു, അവർ ആത്മഹത്യയെക്കരുതുന്നത്. ആത്മഹത്യ ചെയ്യുന്നവൻ അന്ധതാമിസ്രമെന്ന നിത്യനരകത്തിൽ വീണുഴന്നു കഷ്ടപ്പെടേണ്ടി വരുമെന്ന ഹൈന്ദവവിശ്വാസം പലരേയും ആത്മഹത്യയിൽനിന്നു നിവൃത്തരാക്കുന്നു. പരമാത്മാവിന്റെ പ്രതിബിംബമായ ജീവാത്മാവിനെ, അതിന്റെ ദേഹഗേഹത്തിൽനിന്നു ബലാൽ ബഹിഷ്കരിക്കുന്ന മഹാപാപം ചൈതന്യസ്വരൂപിയായ ജഗദീശ്വരൻ ഒരുവിധത്തിലും ക്ഷമിക്കുകയില്ലെന്ന ബോധം പലരേയും അത്യാപത്തുകളിൽ ആത്മഹത്യാവിമുഖന്മാരാക്കാറുണ്ട്. സദ്വിചാരപദ്ധതിയിൽനിന്നു മനസ്സു വ്യതിയാനംചെയ്തു വ്യഭിചാരത്താൽ ഭ്രമിച്ച് ആലോചനാശക്തമായിപ്പരിണമിക്കുമ്പോൾ മാത്രമാകുന്നു, ആത്മഹത്യ സംഭവിച്ചുപോകുന്നത്.

ആത്മഹത്യ എല്ലാ രാജ്യത്തും എല്ലാക്കാലത്തും എല്ലാ ജോലിക്കാരുടെ ഇടയിലും സ്ത്രീപുരുഷഭേദമെന്നിയേ സംഭവിക്കാറുണ്ട്. എന്നാൽ രാജ്യകാലാദികളെ അപേക്ഷിച്ച് ഏറാക്കുറച്ചൽ കാണുന്നുണ്ടുതാനും. പ്രഷ്യ, സാക്സണി എന്നീ ജർമ്മൻരാജ്യങ്ങളിലും, ആസ്ത്രിയയിലും, പരന്ത്രീസ്‌രാജ്യത്തിലും അല്പകാലമായി ആത്മഹത്യയിൽ ഗണനീയമായ വർദ്ധനയുണ്ടെന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു. ഇതിനു കാരണമായി പറയപ്പെടുന്നത്, അവിടങ്ങളിൽ നിശ്ചിതവയസ്സു തികഞ്ഞ എല്ലാ പുരുഷന്മാരും പട്ടാളത്തിൽ ചേരേണമെന്നുള്ള നിർബ്ബന്ധത്തോടു ജനങ്ങൾക്കുള്ള വെറുപ്പാകുന്നു. എല്ലാ രാജ്യങ്ങളിലും പട്ടാളക്കാരുടെ ഇടയിൽ ആത്മഹത്യ, മററു ജോലിക്കാരുടെ ഇടയിലെക്കാൾ അധികമായി ഉണ്ടാകുന്നുണ്ട്. ഇംഗ്ലണ്ടിലും ഇത് ഇങ്ങിനെതന്നെ ആയിരിക്കുന്ന സ്ഥിതിക്കും, അവിടെ പട്ടാളനിയമം നിർബ്ബന്ധമല്ലാതിരിക്കുന്ന സ്ഥിതിക്കും (യുദ്ധകാലമായ ഇപ്പോഴത്തെ കാര്യമല്ല പറയുന്നത്.) പട്ടാളക്കാരുടെ ഇടയിൽ ആത്മഹത്യയ്ക്കുള്ള ആധിക്യം പട്ടാളനിയമത്തിന്റെ നിർബ്ബന്ധംകൊണ്ടാണെന്നു പറയുന്നതു ശരിയായിരിക്കയില്ലെന്നാണ് തോന്നുന്നത്.

പാശ്ചാത്യരാജ്യങ്ങളിൽ ആത്മഹത്യയെക്കുറിച്ചെടുത്തിട്ടുള്ള കണക്കുകൊണ്ട്, 1868 മുതൽ 1876 വരെ എട്ടു കൊല്ലത്തിനുള്ളിൽ എല്ലാരാജ്യങ്ങളിലും സംഖ്യയിലും ജനസംഖ്യയെ അപേക്ഷിച്ചും അതു വളരെ വൎദ്ധിച്ചിട്ടുള്ളതായി കാണുന്നു. 1876 നു ശേഷം ഇതേവരെ ഇക്കാൎയ്യത്തിൽ തൃപ്തികരമായ ഭേദഗതിയൊന്നുമുണ്ടായതായി കാണുന്നതുമില്ല. ഇംഗ്ലണ്ടിലും, ഇററലിയിലും ആത്മഹത്യയുടെ സംഖ്യകുറവും, ആസ്ത്രിയ, ബെവേറിയാ, ബെൽജിയം, സ്വീഡൻ, ഇവിടങ്ങളിൽ മിതവും, പ്രഷ്യ, ബേഡൻ, പ്രാൻസ് ഇവിടങ്ങളിൽ അധികവും, സാക്സണി, ഡെന്മാൎക്ക് ഇവിടങ്ങളിൽ വളരെ അധികവും ആകുന്നു. ഈ വ്യത്യാസത്തിന്റെ കാരണം, കുലം, ഋതു, ജനസംഖ്യ മുതലായ വിഷയങ്ങളിലുള്ള ഭേദമാണെന്നു കാണിപ്പാൻ ചിലർ യത്നിച്ചിരുന്നു. എന്നാൽ ഈ യത്നത്തിന്നു തൃപ്തികരമായ വല്ല ഫലവും ഉണ്ടായിട്ടുള്ളതായി പറയുവാൻ ഇനിയും വഴിയായിട്ടില്ല.

ആത്മഹത്യയും പ്രായവും തമ്മിലുള്ള ബന്ധത്തിൽ ഗണ്യമായ ഫലത്തിൽ ഒരുവക സാദൃശ്യവും എല്ലാ രാജ്യങ്ങളിലും കാണാവുന്നതാകുന്നു. പത്തു വയസ്സിന്നു ശേഷം ആത്മഹത്യയുടെ സംഖ്യ വളരെ വൎദ്ധിക്കുകയും, 55 മുതൽ 65 വരെയുള്ള പ്രായത്തിൽ ആ വൎദ്ധനം പരമകാഷ്ഠയെ പ്രാപിക്കുകയും ചെയ്യുന്നു. 65നു ശേഷം ഒരു പത്തു കൊല്ലത്തെയ്ക്ക് അത് അഭേദമായി നില്ക്കുന്നു; അതിനും ശേഷം പെട്ടെന്നു കുറഞ്ഞുവരികയും ചെയ്യുന്നു. ശിശുക്കൾ ആത്മഹത്യ ചെയ്യുന്നതു വളരെ അസാധാരണമാണ്.

മിക്കരാജ്യങ്ങളിലും ആത്മഹത്യ അധികമായുണ്ടാകുന്നതു മെയി, ജൂൻ എന്നീ മാസങ്ങളിലാകുന്നു; എന്നാൽ ബെവേറിയ, സാക്സണി മുതലായ ചില രാജ്യങ്ങളിൽ അത്യധികം സംഭവിക്കുന്നതു ജൂലായി മാസത്തിലാണ്. ഉഷ്ണകാലവും ശീതകാലവും തമ്മിലുള്ള വ്യത്യാസം നല്ലവണ്ണം വെളിവാകുന്നതു സ്ത്രീകളുടെ ആത്മഹത്യയിലാണ്. അവർ അധികപക്ഷവും വെള്ളത്തിൽ ചാടി മരിക്കുന്നതിനാൽ തണുപ്പുകാലത്തെ ഇഷ്ടപ്പെടുന്നു.

ഇംഗ്ലണ്ടിൽ അധികംപേരും ആത്മഹത്യ ചെയ്യുന്നതു, പുരുഷനാണെങ്കിൽ തൂങ്ങീട്ടും സ്ത്രീയാണെങ്കിൽ വെള്ളത്തിൽ ചാടീട്ടുമാകുന്നു. ഇററലിയിൽ തൂങ്ങിമരണം ദുല്ലഭമാണ്. തോക്കുകൊണ്ടു വെടിവെച്ചു മരിക്കുന്നതാണ് അവിടെ പതിവ്. സ്ത്രീകൾ അവിടെയും വെള്ളത്തിൽ ചാടീട്ടുതന്നെയാണ് സാധാരണമായി ആത്മഹത്യചെയ്യുന്നത്. എന്നാൽ പ്രഷ്യയിലെ സ്ത്രീകൾ ഇംഗ്ലണ്ടിലേക്കാൾ കയറിനെ ഉപയോഗപ്പെടുത്തുന്നുണ്ട്. ഇന്ത്യയിൽ കയറും വിഷവും അഗ്നിയുമാകുന്നു ആത്മഹത്യയുടെ ഉപകരണങ്ങൾ.

ജോലിയുടെ വ്യത്യാസമനുസരിച്ചും ആത്മഹത്യയുടെ സംഖ്യയിൽ വ്യത്യാസം ഉണ്ടാകുന്നു. പട്ടാളപ്രവൃത്തി മററെല്ലാ ജോലികളെക്കാളും അധികം ആത്മഹത്യക്കാരെ പോററുന്നുണ്ട്. പിന്നത്തെ സ്ഥാനം പിടിച്ചിട്ടുള്ളതു മദ്യവ്യാപാരികളാകുന്നു. അവരുടെ പിന്നാലെ നില്ക്കുന്നതു, വൈദ്യന്മാരും ഔഷധവ്യാപാരികളും രസതന്ത്രജ്ഞന്മാരുമാണ്. പട്ടാളക്കാൎക്കു തോ

ക്കെന്നപോലെ ഇവൎക്കു വിഷപദാൎത്ഥങ്ങൾ കയ്യിലുള്ളതിനാൽ, ആത്മഹത്യ ചെയ്യാൻ സൌകൎയ്യം ലഭിക്കുന്നു. വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരുടെ ഇടയിൽ ഇതരന്മാരുടെ ഇടയിലെക്കാൾ അധികം ആത്മഹത്യ സംഭവിക്കുന്നു. കായികാദ്ധ്വാനം കുറഞ്ഞ ജോലിക്കാരുടെ ഇടയിൽ പ്രായേണ ആത്മഹത്യ അധികമായി കാണാം. പുരോഹിതവൃത്തിയിലിരിക്കുന്നവർ മാത്രം ഈ സാമാന്യതത്ത്വത്തിൽ നിന്നു വ്യത്യാസപ്പെടുന്നു.

തലശ്ശേരി.

—കെ. ടി. ചന്തുനമ്പ്യാർ.

## വെമ്പനാട്ടു കായൽ.

(തുടൎച്ച)

രാവായ്ച്ചിലപ്പൊളിവരാശു തിരിച്ചു വീട്ടിൽ-
പ്പോവാൻ തുടങ്ങുമളവുൽക്കടദുൎദ്ദിനത്തിൽ
ശ്ലാവാണിലാഴിയിലലയ്ക്കു സമം, പ്രചണ്ഡ-
ഭാവാനില പ്രചലിതാഭ്രഗണങ്ങളെത്തും. ൨൬

വേഷപ്പകിട്ടൊട്ടുമടുത്തൊരു യക്ഷിയായ
യോഷയ്ക്കു രോഷമുളവാമളവെന്ന പോലെ,
ഘോഷപ്രകൎഷമൊടു കായലിനത്ര ഘോര-
വേഷപ്പകൎച്ച നിലവിട്ടു വരുന്നതിപ്പോൾ. ൨൭

ഉത്തുംഗമായ തിരമാലകളാം ഭുജങ്ങ-
ളെത്തുന്ന ദിക്കുവരെ നീട്ടിയടിച്ചു, കായൽ
മെത്തുന്നലൎച്ചയൊടു, വെണ്ണുരയായ ദംഷ്ട്ര-
യൊത്തുഗ്രരാക്ഷസി കണക്കു കയൎത്തിടുന്നു. ൨൮

വമ്പിച്ചൊരൊച്ച, പൃഥുവക്രതരംഗമായ
തുമ്പിക്കരം, മദജലപ്രചുരപ്രവാഹം,
കമ്പിച്ചു നോട്ടമൊളിഫേനവിലാസവെള്ള-
ക്കൊമ്പിത്തരം കരി കണക്കമരുന്നു കായൽ. ൨൯

മാനത്തിൽ നോട്ടമതികോമളകഞ്ചിരോമ-
ഫേനപ്രകാശമലയാകിയ വാലിളക്കം,
ആനയ്ക്കു മേൽ വരുമുയൎച്ച, മഹാട്ടഹാസ-
ദ്ധ്വാനം—പടക്കുതിരയോ പെരിയോരു കായൽ! ൩൦

ചീറുന്നു പത്തിയല പൊക്കി; യിഴഞ്ഞു ചുററി-
ക്കേറുന്നു; ഹാ! ലവണദുൎവ്വിഷ ശീകരങ്ങൾ
ചാറുന്നു; രോഷമുളവായതെള്ളപ്പമെങ്ങു-
മാറുന്നതല്ല;– രിയകായലിതെന്തു പാമ്പോ! ൩൧

കുത്തിപ്പൊളിച്ചു ചിറയുള്ള കവിഞ്ഞിളക്കം
കത്തിജ്ജ്വലിച്ചു, നിലവിട്ടു കുതിച്ചു ചാടി,
തത്തിക്കളിച്ചു, ഖലദൎപ്പകദുഷ്ടഭാവ-
വൃത്തിക്കൊരുങ്ങുമൊരു കായൽ കടുത്ത കുററൻ! ൩൨

ചിന്തുന്നിരുട്ടു, പലജാതിയിലുള്ള ദുഷ്ട-
ജന്തുക്കൾതൻ വിളി, വിഹംഗമവിഭ്രമങ്ങൾ,
സന്തുഷ്ടമാനസപിശാചികൾ, സൎപ്പവീചീ-
തന്തുക്കളീവകയിണങ്ങിയ കായൽ കാടോ! ൩൩

വെട്ടുന്നപോലെയിടി, ജൃംഭിത'ബാഭരാസ്ത്രം'
പൊട്ടുന്ന പോലെ,യതിഭീകരമാം വിധത്തിൽ
തട്ടുന്നു തമ്മിലിഹ വീചികളി;–ത്തടാക-
മൊട്ടുക്കു പോർക്കളമിലയ്ക്കു മുഴങ്ങിടുന്നു. ൩൪

വ്യാപിച്ചു കോളുകളിണങ്ങി, മഴയ്ക്കു കാററു
കോപിച്ചിടുന്ന സമയങ്ങളിലത്ര കായൽ,
പാപിക്കു വൈതരണിപോല,തിദുസ്തരത്വം
പ്രാപിച്ചു നാവികൻ സങ്കടമേകിടുന്നു. ൩൫

വാലക്കു ഭക്ഷണപദാൎത്ഥമസംഖ്യമേകി-
യാലസ്യമാററുമൊരു കായൽ, കലമ്പലുമ്പോൾ,
വേലയ്ക്കു വന്നവരെയുണ്ടിട്ടു;–മാജ്ജലാത്മാ-
വാലംബമാന്നവരെ ലാക്കിലുപദ്രവിയ്ക്കും. ൩൬

കാലത്തു കൈവലയെടുത്തൊരു "മീൻപിടുത്ത"-
വേലയ്ക്കു പോയ ജനകാദികൾ വന്നുചേരാൻ
ആലംബമാകുമൊരു കായലിനായ് മലർക്കൺ-
വാലക്കിടാങ്ങൾ മിഴിപൂജകൾ ചെയ്തിടുന്നു. ൩൭

ചാലേതിതെന്നു തിരിയാതെ, മഹാന്ധകാര-
ത്താലേ കുഴഞ്ഞു തുഴയുന്നവർക്കിടാങ്ങൾ
ചാലേ കൊളുത്തിയ വിളക്കു, "വടക്കുനോക്കി"-
പോലേ, ശരിക്കു വഴികാട്ടി വിളങ്ങിടുന്നു. ൩൮

ശാന്തപ്രസന്നതരമഞ്ജുളമായ് ച്ചിലപ്പോൾ,
സ്വാന്തപ്രകമ്പനഭയങ്കരമായ് ച്ചിലപ്പോൾ,
പ്രാന്തപ്രതീക്ഷകനു, കായൽ വിരുദ്ധബദ്ധ-
ഭ്രാന്തപ്രകൃത്യുഭയചേഷ്ടകൾ കാട്ടിടുന്നു. ൩൯

ലോകാത്ഭുതപ്രദവിമാനവിശേഷമോരോ-
ന്നാകാശസീമനി ചരിപ്പതു പോലെ തന്നേ,
ഹാ! കായൽമാർഗ്ഗമവലോകനയോഗ്യമായി-
ശ്ശ്രീ കാളിടും വലിയ ബോട്ടുകൾ പോയിടുന്നു. ൪൦

ഐരാവതം ത്രിദശദീർഘികയിൽക്കടന്നു
നൈരാശ്യമോടതു കലക്കി മറിച്ചു നീന്തി
നീരാടിയങ്ങിനെ നടന്നിടുമെന്ന പോലെ-
യാരാൽ വെളുത്ത ചില ബോട്ടുകൾ പാഞ്ഞിടുന്നു. ൪൧

ചേണാർന്ന ധൂമമൊഴിയുന്നതിനുള്ള വെള്ള-
ത്തൂണാശു ചീററിയഴകോടു മുയർത്തി വാനിൽ
കാണാം നമുക്കരിയ ബോട്ടുകൾ, കായൽവക്കിൽ-
വാണാൽ, ചരിപ്പതു തിമിംഗലമെന്ന പോലെ. ൪൨

പായായിടും ഫണമെടുത്തു പിടിച്ചു, ചണ്ഡ-
നായാശുഗന്റെ തുണയാൽ പെരുകുന്ന വേഗാൽ
തോയാശയോപരി കളിച്ചു പുളച്ചു ചീറി-
യാ യാനപാത്രഭുജഗങ്ങൾ ഗമിച്ചിടുന്നു. ൪൩

"കൊട്ടുക്ക"ലീഴവകുമാരികൾ പാട്ടു പാടി-
ക്കൊട്ടുന്നു ഹാ! ചകിരി തല്ലുകയെന്ന ഭാവാൽ. ൪൪

കൂലാന്തരസ്ഥിതമഹാവ്യവസായയന്ത്ര-
ശാലാശ്മനിർമ്മിതമനോഹരധൂമനാളി,
ലീലാതടാകവ്രജയദ്ധ്വജമെന്ന പോലെ,
നീലാഭ്രനിർമ്മലനഭസ്സിൽ നിവന്നു നിൽപ്പൂ. ൪൫

ആ യന്ത്രശാലകളിലെക്കുഴലൂത്തു, നാനാ-
ഗേയജ്ഞമാരമരനാരികൾ വിണ്ടലത്തിൽ
സ്സ്വായംമുദാ കരവയിട്ടു, തകത്തു കൊണ്ടീ-
ക്കായൽപ്രഭുസ്തുതികൾ പാടുവതെന്നു തോന്നും. ൪൬

പാലാഴി തന്നുടെ കരയ്ക്കു സരോജനാഭൻ
ലോലാക്ഷിമാരിൽമണി ലക്ഷ്മിയൊടെന്ന പോലെ,
ചേലാർന്ന കായലിനടുത്തുമയോടു ചേർന്നു
നീലാളികണ്ഠനരുളുന്നിതു "വൈയ്ക്കു"മെത്തി. ൪൭

വൈയ്ക്കത്തു ദേവനുടെ വാർമുടിയിൽ കരേററി
വെയ്ക്കപ്പെട്ടൊന്നൊരു സപത്നിയെയാത്തരോഷം
മെയ്ക്കണ്ണിയാമുമപിടിച്ചു വലിച്ചെറിഞ്ഞു,
മെയ്ക്കത്തലോട്ടമവളിങ്ങരുളുന്നുവെന്നോ? ൪൮

"ബാലാ"സ്സുരസ്സുകൾ കുളിക്കുവതുണ്ടു നിത്യം;
കൈലാസമേടകൾ കരയ്ക്കുലുയർന്നു നിൽപ്പൂ;
ഫാലാക്ഷദേവനരികേ മരുവുന്നുമുണ്ടു;
ചേലാർന്ന കായലിതു മാനസമാം സരസ്സോ! ൪൯

ചേണാർന്നുൽകൃഷ്ടമാകും പ്രകൃതിയുടെ വിലാ-
സത്തിനാസ്ഥാനമാമീ-
വേണാട്ടിന്നൊത്ത വെള്ളക്കുളിർപ്പുകൾ വെളിവായ-
വമ്പനാം വെമ്പനാട്ടിൽ,

കാണാമാക്കം; കടൽപ്രൌഢികൾ തടവിട്ടമി-
ക്കായലെത്തൻകടക്കൺ-
കോണാൽ നോക്കുന്ന ഗംഗാധര! കഴലിണയെ-
ത്താണു കൈകൂപ്പിടുന്നേൻ. ൫൦

മട്ടുള്ള മാനസസരസ്സിനുമന്തരംഗം
മട്ടുന്ന കായലുടെ കീർത്തിവിളംബരങ്ങൾ

മൂവ്വാററുപുഴ.

—എം. ആർ. കൃഷ്ണവാര്യർ.

# കിച്ചനർപ്രഭു.

## II

### ഈജിപ്തും ചെങ്കടലും.

മേൽപ്പറഞ്ഞ സംഗതികൾ നടന്ന കാലത്ത് ഈജിപ്തുഗവമ്മേൻറിനു സീമാതീതമായി കടം വൎദ്ധിച്ചിരുന്നു. പ്രധാനകാരണം ഭരണദോഷം തന്നെ. തന്നിമിത്തം ആ രാജ്യത്ത് ആഭ്യന്തരകലഹങ്ങളും ലഹളകളും കലശലായി വൎദ്ധിച്ചു. അതിനാൽ അവിടുത്തെ ഭരണംകൂടി ഇംഗ്ലീഷുകാർ കയ്യേററു. അപ്പോൾ ഇംഗ്ലീഷുസൈന്യാധിപന്മാരുടെ കീഴിൽ അവിടെ ഒരു നാട്ടുപട്ടാളത്തെ ഏൎപ്പെടുത്തേണ്ടതായി വന്നു. അതിനാൽ സർ. എൽവിൻവുഡ് എന്ന ബ്രിട്ടിഷുസൈന്യാധിപനെ അവിടുത്തെ സൎവ്വസൈന്യാധിപനും സർദ്ധാറുമായി നിയമിച്ചു. ഇക്കാലത്തു കിച്ചനർ അവധിയെടുത്തു നയിൽനദീമുഖത്തുള്ള അലക്സാണ്ടറിയായിൽ താമസിക്കുകയായിരുന്നു. കിച്ചനർക്ക് അറബിഭാഷയിൽ അനിതരസാധാരണമായ പാണ്ഡിത്യമുണ്ടായിരുന്നതിനാൽ അദ്ദേഹത്തെ ഇവിടുത്തെ (ഈജിപ്തിലെ) സർദ്ധാറുടെ സഹായിയായിട്ടും നിയമിച്ചു.

കിച്ചനർക്ക് അറബിഭാഷയിലുണ്ടായിരുന്ന പാണ്ഡിത്യം ചില യുദ്ധങ്ങളിലും മററും വളരെ സഹായമായിത്തീൎന്നു. ഇദ്ദേഹം അറബികളുടെ വേഷം ധരിച്ച് അവരുടെ പാളയങ്ങളിൽച്ചെന്നു പല രഹസ്യസംഗതികൾ ഗ്രഹിക്കുകയും, അനേകം വീരപ്രവൃത്തികളും അത്ഭുതകൎമ്മങ്ങളും നടത്തുകയും മററും ചെയ്തിട്ടുള്ളത് ഇപ്പോൾ ഈജിപ്തിൽ ഒരുവക പാട്ടായിത്തീൎന്നിട്ടുണ്ട്.

അക്കാലത്തു സൌഡാൻ എന്നസ്ഥലത്തു വെച്ചുണ്ടായ യുദ്ധത്തിൽ ഇംഗ്ലീഷുകാർ ചാരന്മാരെന്നു സംശയിച്ചു രണ്ട് അറബികളെ പിടികൂടി. അവരോടു പലവിധത്തിലുള്ള നയോപായങ്ങളെല്ലാം പ്രയോഗിച്ചുനോക്കീട്ടും അവർ നേരായിട്ടുള്ളതു യാതൊന്നും വെളിപ്പെടുത്തിയില്ല. എന്നുമാത്രമല്ല, അവർ ശരിയായി സംസാരിക്കപോലും ചെയ്തില്ല. അതിനാലവരെ ബന്ധനസ്ഥരാക്കി പ്രത്യേകമൊരു കൂടാരത്തിൽ താമസിപ്പിച്ചു. കുറച്ചുനേരം കഴിഞ്ഞപ്പോൾ വേറെ ഒരറബിയെക്കൂടി പിടിച്ചുകെട്ടി പട്ടാളക്കാർ ആ കൂടാരത്തിലാക്കിയടച്ചു. അല്പസമയം കഴിഞ്ഞപ്പോൾ ഈ തടവുകാർ മൂന്നുപേരും അടുത്തുകൂടി അറബിഭാഷയിൽ സ്വകാൎയ്യം പറഞ്ഞുതുടങ്ങി. അങ്ങനെ ഇടമുറിയാതെ സ്വകാൎയ്യം പറഞ്ഞുതന്നെ അവർ ആ രാത്രി കഴിച്ചുകൂട്ടി. അവരുടെ സ്വകാൎയ്യവൎത്തമാനത്തിൽ അനേകം രഹസ്യസംഗതികൾ അന്തൎഭവിച്ചിരുന്നു. വെളുപ്പാൻകാലമായപ്പോൾ ആ ഒടുവിൽ തടവിലാക്കപ്പെട്ട അറബി തനിക്കു തീരെ സുഖമില്ലെന്നും, ഇംഗ്ലീഷുസൈന്യാധിപൻെറ അടുക്കൽ ഈ വിവരം പറയുന്നതിനായി തന്നെ

കൊണ്ടുപോകുന്നമെന്നും പാറാവുകാരനോടു പറഞ്ഞു. പാറാവുകാരൻ അതിനനുവദിക്കുന്നതിനു മുൻപു തടവുകാരൻ വെളിയിലിറങ്ങിക്കഴിഞ്ഞു. അതു കണ്ടു കോപിഷ്ഠനായ പാറാവുകാരൻ ആ തടവുകാരനെ വെടിവെയ്ക്കുന്നതിനായി തോക്കു നീട്ടി. അപ്പോൾ തടവുകാരൻ തനിക്കൊരു സ്വകാര്യം പറയാനുണ്ടെന്നും, അതു കേട്ടതിന്റെ ശേഷമല്ലാതെ തന്നെ വെടിവെയ്ക്കരുതെന്നും അപേക്ഷിച്ചു. പാറാവുകാരൻ അതിനനുവദിക്കുകയാൽ ആ തടവുകാരൻ അടുത്തുചെന്നു താനിന്നാരാണെന്നു സ്വകാര്യമായി പാറാവുകാരന്റെ ചെവിയിൽപ്പറഞ്ഞു. അതു കേട്ടപ്പോൾ പാറാവുകാരൻ തോക്കിനെ പിൻവലിക്കുകയും, തടവുകാരനെ പാറാവുകാർ ഇറക്കിക്കൊണ്ടുപോവുകയും ചെയ്തു. തടവിലാക്കപ്പെട്ടിരുന്ന മറെറ രണ്ടു ചാരന്മാരെയും പിറെറദിവസം ഇറക്കിക്കൊണ്ടുപോയി ബ്രിട്ടീഷുസൈന്യനേതാവായ ഉദ്യോഗസ്ഥന്റെ മുൻപാകെ ഹാജരാക്കിയ സമയം, അതിനു മുൻപ് ഇറക്കിക്കൊണ്ടുപോകപ്പെട്ട അറബി മറെറാരുവേഷം ധരിച്ചുകൊണ്ട് ആ ഉദ്യോഗസ്ഥന്റെ അടുക്കൽ ഇരിക്കുന്നുണ്ടായിരുന്നു. ആ മനുഷ്യൻ വിസ്താരം നടത്തിക്കൊണ്ടിരുന്ന ഉദ്യോഗസ്ഥനോടു സംസാരിക്കുന്നതു കേട്ട് അടുത്തുനിന്നിരുന്ന ചാരന്മാർക്ക്, ഇയ്യാൾ തങ്ങളെ ചതിച്ച കൃത്രിമവേഷധാരിയാണെന്നു ശബ്ദസാമ്യംകൊണ്ടു മനസ്സിലാവുകയും, അവരിലൊരുവൻ ആ മനുഷ്യനെക്കടന്നു പിടികൂടുകയും ചെയ്തു. എങ്കിലും അക്രമമൊന്നും പ്രവൃത്തിക്കാനിടയായില്ല. അറബിവേഷം ധരിച്ച് ആ ചാരന്മാരെ വഞ്ചിച്ച വിരുതൻ നമ്മുടെ കഥാനായകൻ തന്നെയാണെന്നു വായനക്കാർ ഊഹിച്ചു കഴിഞ്ഞിരിക്കുമല്ലോ.

കിച്ചനർക്ക് അറബിഭാഷയിൽ നല്ല പാണ്ഡിത്യവും ചിരപരിചയവും അതു സംസാരിക്കുന്നതിൽ വളരെ എളുപ്പവും തന്മയത്വവുമുണ്ടായിരുന്നതിനാൽ അദ്ദേഹം കൃത്രിമമായിട്ടുള്ള താടിയും തലക്കെട്ടും ധരിച്ച് അറബിവേഷം കെട്ടിയാൽ, ഒരു സാക്ഷാൽ അറബിയെന്നല്ലാതെ മററു യാതൊരു സംശയവും ആർക്കുമുണ്ടാകുന്നതല്ല. ഇതിനു ദൃഷ്ടാന്തമായി ഒരു സംഗതി ഉണ്ടായിട്ടുണ്ട്. ഒരുദിവസം ചില രഹസ്യസംഗതികൾ ഉപായേന മനസ്സിലാക്കുന്നതിനായി ഇദ്ദേഹം ഒരു അറബിയുടെ വേഷം ധരിച്ചു സഞ്ചരിക്കുമ്പോൾ, ഒരിംഗ്ലീഷുഭടൻ കണ്ട് ഇദ്ദേഹത്തെ ഒരു കല്ലെടുത്തെറിയുകയും അതുകൊണ്ട് ഇദ്ദേഹത്തിനു കഠിനമായ ഒരു മുറിവു പററുകയും ചെയ്തു. അടുത്തു പരിചയമുള്ള ആ ഭടനു പോലും ഇദ്ദേഹത്തെക്കണ്ടിട്ട് ആളറിയാൻ കഴിയാതെ വന്നതു തന്നെ, ഇദ്ദേഹത്തിന്റെ വേഷപ്പകർച്ചയ്ക്ക് ഉത്തമദൃഷ്ടാന്തമാണല്ലോ. ഈ സംഭവം നിമിത്തം സാധുക്കളായ ഈജിപ്തുകാരുടെ പേരിൽ അദ്ദേഹത്തിനു വളരെ അനുകമ്പയുണ്ടായി. അതിനാൽ പിന്നീട് ഇപ്രകാരമുള്ള ഉപദ്രവങ്ങൾ ഇംഗ്ലീഷുകാരിൽനിന്നും, വിദേശീയരായ മററു ജനങ്ങളിൽനിന്നും ഈജിപ്തുകാർക്കുണ്ടാവുക വളരെ ചുരുക്കമായിത്തീർന്നു. ഈ സംഭവം നിമിത്തം "നാട്ടുകാരനെ കല്ലെറിഞ്ഞാൽ കൊള്ളുന്നതു സർദാർക്കായിരിക്കും" എന്നൊരു പഴഞ്ചൊല്ല് ഇപ്പോഴും ഈജിപ്തിൽ നടപ്പുണ്ട്.

അറബിഭാഷയിലുള്ള പാണ്ഡിത്യം നിമിത്തം ഈജിപ്തിലെ സൈന്യങ്ങളുടെ ഉപനായകത്വംകൂടി കിച്ച്നൎക്കു ലഭിച്ചു.

൧൮൮൩ നവംബർമാസത്തിൽ കിച്ച്നറിനെ സീനായി ഉപദ്വീപു സൎവ്വേ ചെയ്യുന്നതിനായി നിയമിക്കുകയും ഉടൻ തന്നെ അദ്ദേഹം ഈജിപ്തിൽനിന്നു സൂയസ്സിലെയ്ക്കു പോവുകയും ചെയ്തു.

ഈജിപ്തിലെ യുദ്ധം കഴിഞ്ഞതിന്റെ ശേഷം അതിനു തെക്കായി നയിൽ നദീതീരപ്രദേശങ്ങളും അവയ്ക്കടുത്തുള്ള ദേശങ്ങളും ചേൎന്നുണ്ടായ സൂഡാൻദേശം "മഹദി" എന്നു പേരോടുകൂടിയ ഒരു മുഹമ്മദീയരാജാവിന്റെ ആക്രമണത്തിനു വിഷയീഭവിച്ചുതുടങ്ങി. മഹദി സൂഡാൻ ദേശങ്ങളിലേ കോപ്റ്റസ് എന്ന ഈഥിയോപ്പിയാക്രൈസ്തവരെയും മുഹമ്മദീയരും ഇതരമതക്കാരുമായ മററു ജനങ്ങളെയും കൊല്ലുകയും കൊള്ള ചെയ്കയുമെന്നുള്ളതു സാധാരണമായിത്തീൎന്നു. അവിടെ അടിമവ്യാപാരം ഭയങ്കരമാംവണ്ണം വൎദ്ധിച്ചു. സൂഡാനിൽ കൃഷിയും കച്ചവടവും നിശ്ശേഷം നശിക്കുകയും, ജനങ്ങൾ ഒട്ടൊഴിയാതെ ചത്തൊടുങ്ങുകയും ചെയ്തു. ഈജിപ്തിന്റെ തെക്കൻപ്രദേശങ്ങളിലും മുഹമ്മദീയരുടെ ശല്യം കലശലായിത്തുടങ്ങി. അപ്പോൾ ഈജിപ്തിൽ ചെന്നുകൂടിയിരുന്ന ബ്രിട്ടീഷുഭരണാധികാരികൾ മഹദിയുടെ അക്രമത്തെ ശമിപ്പിക്കണമെന്നു തീൎച്ചയാക്കി. അതിലെയ്ക്കായി ആദ്യം ഹിക്സ് എന്ന സൈന്യാധിപന്റെ നേതൃത്വത്തിൻകീഴിൽ ഒരു സൈന്യത്തെ ആ ലഹളസ്ഥലത്തെയ്ക്കയച്ചു. ഈ സൈന്യത്തെയും സൈന്യാധിപനെയും ലഹളക്കാരുടെ നേതാവായ മഹദിയുടെ സൈന്യം വളയുകയും എല്ലാവരെയും നിഗ്രഹിക്കുകയും ചെയ്തു. ഈ വൎത്തമാനം ഇംഗ്ലണ്ടിലറിവു കിട്ടിയ ഉടൻതന്നെ ജനറൽ ഗോൎഡനെ ഒരു സൈന്യത്തോടുകൂടി, സൌഡനിലെ ലഹള ശമിപ്പിക്കുകയും മഹദിയുടെ ശക്തിക്ക് അമൎച്ചവരുത്തുകയും ചെയ്യാനായി അയച്ചു. ജനറൽഗോൎഡൻ സൈന്യസമേതം ലഹളസ്ഥലത്തെത്തുകയും, സൂഡാൻതലസ്ഥാനമായ കാർട്ടൂമിൽ കുറച്ചുകാലം യഥാക്രമം ഭരണംനടത്തുകയും ചെയ്തു. അങ്ങനെ കുറച്ചുകഴിഞ്ഞപ്പോൾ മഹദിയുടെ അക്രമങ്ങളെ ഒതുക്കുന്നതിനും സൈന്യങ്ങളെ ജയിക്കുന്നതിനും തന്റെ കീഴിലുള്ള സൈന്യങ്ങളെക്കൊണ്ടു മതിയാവുകയില്ലെന്നു തോന്നുകയാൽ, ആ വിവരം ഗോർഡൻ ഇംഗ്ലണ്ടിലെയ്ക്കറിയിച്ചു. എന്നാൽ, ഇംഗ്ലണ്ടിലെ പാർലിമെന്റുസഭയിലുണ്ടായ ചില 'സൌന്ദൎയ്യത്തിരക്കു'കൾ കൊണ്ടോ, സൂഡാനിലെ സ്ഥിതി മുഴുവനും ശരിയായി അവൎക്കറിയാൻ പാടില്ലാതിരുന്നതുകൊണ്ടോ എന്തോ ഗോർഡന്റെ അഭിപ്രായപ്രകാരം കൂടുതൽ സൈന്യങ്ങളെ അയച്ചുകൊടുക്കുന്നതിനു വളരെ കാലതാമസം നേരിട്ടു. അതിനാൽ ൧൮൮൪-ജൂലായിമാസത്തിൽ മഹദിയുടെ സൈന്യങ്ങൾ ഗോർഡനും സൈന്യങ്ങളും താമസിച്ചിരുന്ന കാർട്ടൂംപട്ടണത്തിലെത്തി എതിൎക്കുകയും ഗോർഡൻ സൈന്യസമേതം അവൎക്കു കീഴടങ്ങേണ്ടി വരികയും ചെയ്തു. തന്നെ സഹായിക്കാൻ കൂടുതൽ സൈന്യങ്ങൾ വന്നുചേരുമെന്നുള്ള വിശ്വാസത്തോടുകൂടി ഗോർഡൻ ൨൬-ാം ദിവസം കീഴടങ്ങാതെ ശത്രുക്കളോട് എ

തിൎത്തുകൊണ്ടു തന്നെ നിന്നു. ഒടുക്കം ഒരു നിവൃത്തിയുമില്ലെന്നു കണ്ട് ൧൮൮൫- ജനുവരിമാസം ൨൬-ാംനു- അദ്ദേഹം ശത്രുക്കൾക്കു കീഴടങ്ങി. എന്നാൽ അദ്ദേഹത്തെ സഹായിക്കുന്നതിന് ഇംഗ്ലണ്ടിൽനിന്നു സൈന്യങ്ങളെ അയയ്ക്കാതിരുന്നില്ല; അയയ്ക്കുന്നതിനു സ്വല്പം താമസം വന്നുപോയി എന്നേ ഉള്ളു. ആ താമസം നിമിത്തം ആ സൈന്യങ്ങൾക്കു യുദ്ധസ്ഥലത്തു ചെന്നെത്തുന്നതിനു, ഗോർഡനും സൈന്യങ്ങളും ശത്രുക്കൾക്കു കീഴടങ്ങിയതിന്റെ ശേഷമേ സാധിച്ചുള്ളു. കീഴടങ്ങിയ ഗോർഡനെ ശത്രുക്കൾ തങ്ങളുടെ അടിമയാക്കുകയും മററുമല്ല ചെയ്തത്; അദ്ദേഹത്തെ മഹദി എന്ന ദുഷ്ടൻ കുന്തംകൊണ്ടു കുത്തി കൊന്നുകളഞ്ഞു!

ഇംഗ്ലണ്ടിൽ നിന്നയച്ച സൈന്യങ്ങളുടെ കൂട്ടത്തിൽ നമ്മുടെ കഥാനായകനായ കിച്ചനറും ഉണ്ടായിരുന്നു. വൎത്തമാനങ്ങൾ അറിയുന്നതിനും അറിയിക്കുന്നതിനുമായി നിയമിക്കപ്പെട്ട സൈന്യങ്ങളുടെ നായകനായിട്ടാണ് കിച്ചനറെ നിയമിച്ചിരുന്നത്. (ഈ അവസരത്തിൽ കിച്ചനർ ഒരു അറബിയുടെ വേഷം ധരിച്ചുകൊണ്ടു കാർട്ടൂമിൽ സഞ്ചരിച്ചു ചില ഗൂഢവൎത്തമാനങ്ങൾ ഗോർഡനെ അറിയിച്ചുകൊണ്ടിരുന്നു എന്നും ഒരു കേൾവിയുണ്ട്.) കാർട്ടൂംപ്രദേശം മുഴുവനും ശത്രുക്കളുടെ കൈവശമായിപ്പോയതിനാൽ പിന്നെ താൻ അവിടെ താമസിച്ചതുകൊണ്ടു പ്രയോജനമൊന്നുമുണ്ടാവുകയില്ലെന്നു കണ്ടു കിച്ചനർ ഉടനെ സ്വദേശത്തെയ്ക്കു തന്നെ മടങ്ങിപ്പോന്നു.

അക്കാലത്തു ജൎമ്മൻകാരും ഇംഗ്ലീഷുകാരുംതമ്മിൽ, അവൎക്കു കിഴക്കേ ആഫ്രിക്കയിലുള്ള ഭൂഖണ്ഡങ്ങളുടെ അതിൎത്തികളെപ്പററി വലിയ തൎക്കമുണ്ടായിരുന്നു. അതു തീൎത്തു ശരിപ്പെടുത്തുന്നതിനായി ഒരു കമ്മീഷനെ നിയമിച്ചു. അതിലൊരംഗമായി നിശ്ചയിച്ചു കിച്ചനരെയും സാൻസിബാറിലെയ്ക്കയച്ചു.

ജനറൽ ഗോർഡന്റെ മരണശേഷം മഹദി തന്നെ സൂഡാൻ എന്ന ഭൂഖണ്ഡം ഭരിച്ചുകൊണ്ടിരുന്നു. ആയിടയ്ക്ക് ആറേഴ വൎഷത്തെയ്ക്കു ബ്രിട്ടീഷുകാർ സൂഡാൻ തിരിയെ പിടിച്ചെടുക്കുന്നതിനു ശ്രമിച്ചില്ല. അതിനിടയ്ക്കു മഹദി മരിക്കുകയും, അദ്ദേഹത്തിന്റെ സേനാനായകനായിരുന്ന "കാലിഫാ" അവിടത്തെ ഭരണാധികാരിയായിത്തീരുകയും ചെയ്തു. അനന്തരം ബ്രിട്ടീഷുകാർ ആ സ്ഥലം വീണ്ടെടുക്കുന്നതിലേയ്ക്കായി സൈന്യങ്ങളെ ശേഖരിക്കുകയും, അവയുടെ നായകനായി പ്രസ്തുത ചരിത്രനായകനെ നിയമിക്കുകയും ചെയ്തു.

കിച്ചനർ നീലനദീതീരങ്ങളിലെ ഗവർണ്ണർജനറലായി നിയമിക്കപ്പെട്ടത് ൧൮൯൬-ൽ ആയിരുന്നു. അക്കാലത്ത് അവിടങ്ങളിൽ അക്രമങ്ങളുംലഹളകളുംപൂൎവ്വാധികം വൎദ്ധിച്ചിരുന്നു. അതിനാൽകിച്ചനർഅവിടെയെത്തി ലഹളക്കാരായ തുൎക്കികളോടു നേരിട്ട് അതിഭയങ്കരമായ ഒരു യുദ്ധം നടത്തി. ആ യുദ്ധത്തിൽ അദ്ദേഹം തുൎക്കികൾക്കു വളരെ ആൾനാശംവരുത്തുകയും ശേഷിച്ചവരെതോല്പിച്ച് അവിടെനിന്ന് ഓടിക്കുകയും ചെയ്തു. ഈ ഘോരസമരത്തിൽ ഒരു വെടി കിച്ചനരുടെ താടിക്കു കൊള്ളുകയും

ഒരുണ്ട വല്ലാതെ അകത്തെയ്ക്കു കടന്നു താടിയെല്ലുകളുടെ ഇടയ്ക്കു് ഉറച്ചുപോവുകയും ചെയ്തു. ഡാക്ടർമാർ ആ ഉണ്ട എടുത്തുകളയാൻ പഠിച്ച പണിയെല്ലാം പ്രയോഗിച്ചുനോക്കീട്ടും സാധിച്ചില്ല. ഒടുക്കം കോളുവാ ഉണങ്ങുകയും രണ്ടുമൂന്നു വൎഷം ആ ഉണ്ട അവിടെത്തന്നെ മാംസത്തിനകത്ത് ഇരുന്നുപോവുകയും ചെയ്തു. അനന്തരം ഒരു ദിവസം കിച്ചനർ ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന സമയം സ്വല്പം കാഠിന്യമുള്ളതായ ഒരു മാംസഭക്ഷണം കുറേ ഭേദിച്ചു കടിക്കാനിടയായി. അപ്പോൾ ആ ഉണ്ട ഇരുന്നിരുന്ന സ്ഥലത്തുനിന്നു താനേ തന്നെ ഇളകി വായിലാവുകയും, മേൽപ്പറഞ്ഞ മാംസത്തോടുകൂടിയിറങ്ങിപ്പോയപ്പോൾ തൊണ്ടയിൽ തടയുകയും ചെയ്തു. അതിനാൽ കിച്ചനർ, "ഞാൻ ഭക്ഷിച്ച മാംസത്തിൽ എല്ലില്ലായിരുന്നുവല്ലോ. പിന്നെ എന്റെ തൊണ്ടയിൽ തടഞ്ഞത് എന്തായിരിക്കും? എന്റെ താടിയെല്ലുകളുടെ ഇടയിൽ ഉറച്ചിരുന്ന ഉണ്ടയായിരിക്കുമോ" എന്നു പറയുകയും, അതു വാസ്തവമായി വരികയും ചെയ്തു. ഇപ്പോഴത്തെ യുദ്ധത്തിൽ മുറിവേററു ചികിത്സയ്ക്കായി ഇംഗ്ലണ്ടിൽ താമസിപ്പിക്കപ്പെട്ടിരിക്കുന്ന ഇൻഡ്യൻപടയാളികളെക്കാണുന്നതിനായി, കിച്ചനർ മരിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പ് ഒരുദിവസം ചെന്നിരുന്നു. അദ്ദേഹം അവരോട് അവരുടെ ദേഹസ്ഥിതിയെപ്പററിയും മററും ചോദിച്ചപ്പോൾ, ഒരു ഭടൻ "സ്വാമിൻ! എനിക്ക് ഒരു വെടി കൊണ്ടു. ഉണ്ട എടുത്തുകളയാൻ നോക്കീട്ടു നിവൃത്തിയില്ലായ്കയാൽ ഇപ്പോഴും എന്റെ ദേഹത്തിനുള്ളിൽത്തന്നെയിരിക്കുന്നു. അതിനാൽ പക്ഷേ ഞാൻ മരിച്ചുപോയേയ്ക്കും." എന്നു പറഞ്ഞു. അപ്പോൾ കിച്ചനർ "ഏ: അതൊന്നുമില്ല. ധൈര്യത്തോടുകൂടിയിരിക്കുക. ഞാൻ മൂന്നുസംവത്സരത്തോളം കാലം ഒരു വെടിയുണ്ട താടിയെല്ലുകളുടെ ഇടയിൽ വെച്ചുകൊണ്ടു നടന്നവനാണ്. അതിനാൽ ക്ഷണത്തിൽ ഈ മുറിവുണങ്ങി താൻ സ്വസ്ഥശരീരനാകുമെന്നുള്ളതിനു സംശയമില്ല. സുഖമായാലുടനെ യുദ്ധത്തിനു വരണം" എന്നു പറഞ്ഞ് ആ ഭടനെ സമാശ്വസിപ്പിച്ചു.

കോട്ടയം.

—കെ. എം. മാത്തുള്ള മാപ്പിള.

## * എളയമ്മ.

### III

എളയമ്മ:— ഇതെന്താണ് കുട്ടീ! നീ എങ്ങും പോകുന്നില്ലല്ലോ. ഉവ്വോ?

രുഗ്മിണി:— ഉവ്വ്. ഞാൻ ശ്രീകൃഷ്ണപുരത്തെയ്ക്കു പോവുകയാണ്.

എളയ:— എന്ത്? ആരാണ് നിന്നെ കൂട്ടിക്കൊണ്ടു പോകാൻ?

---

* ഇതു സർ രവീന്ദ്രനാഥടാഗോറിന്റെ ഒരു ചെറുകഥയുടെ പരിഭാഷയാണ്.

ത്തി! ഇനി ഒരിക്കലും നീ എന്നെ കൈ വിടരുതേ!”

## IV

“എളയമ്മേ! എനിക്കുസുഖക്കേടുണ്ട്. എങ്കിലും നിങ്ങൾ വിചാരിക്കുംപോലെയൊന്നും ഇല്ല. എന്റെ അസ്വാസ്ഥ്യം എന്റെ പ്രാണനിൽനിന്നു ക്രമേണ പിൻമാറിപ്പോകുന്നതുപോലെ തോന്നുന്നു. ഇതുവരെ ആ അസ്വാസ്ഥ്യം ചരക്കുകൾ കയററി കരയ്ക്കു ബന്ധിക്കപ്പെട്ട ഒരു തോണിപോലെ ആയിരുന്നു. എന്നാൽ, ഇപ്പോൾ ആ പാശം പൊട്ടിയതിനാൽ, ആ തോണി സകല ഭാരങ്ങളെയും ചുമന്നുകൊണ്ടു സ്വച്ഛന്ദം ഒഴുകിപ്പോവുകയാണ്. എനിക്ക് അതിനെ ഇപ്പോഴും കാണ്മാൻ കഴിയും. എങ്കിലും അതിന്ന് എന്നോടുള്ള സംബന്ധം വിട്ടുപോയി. അതിരിക്കട്ടെ. എളയമ്മേ! ഈ രണ്ടുദിവസത്തിനുള്ളിൽ ഞാൻ രുഗ്മിണിയെ ഒരുനോക്കുകൂടി കണ്ടില്ലല്ലോ.”

എള:— കുമാര! ഞാൻ നിനക്കു വേറൊരു തലയണ തരട്ടേ?

കുമാ:— എളയമ്മേ! എന്നെ വിട്ടു ദൂരത്തേയ്ക്കു ഒഴുകിപ്പോകുന്ന അസ്വാസ്ഥ്യപോതത്തെപ്പോലെ തന്നെ രുഗ്മിണിയും എന്നെ വെടിഞ്ഞുപോയെന്ന് എനിക്കൊരു ശങ്ക തോന്നുന്നു.

എളയ:— കുട്ടാ! ഈ രസായനം അല്പം സേവിക്കു. നിന്റെ തൊണ്ട വല്ലാതെ വരണ്ടിരിക്കുന്നു.

കുമാ:— ഞാൻ ഇന്നലെ എന്റെ മരണപത്രം എഴുതിയിരിക്കുന്നു, അതു ഞാൻ നിങ്ങളെക്കാണിച്ചുവോ? എനിക്കു നല്ല ഓമ്മയില്ല.

എളയ:— അത് എന്നെ കാണിക്കേണ്ടുന്ന ആവശ്യമില്ല, കുമാര!

കുമാ:— അമ്മ മരിച്ചപ്പോൾ എനിക്കു സ്വന്തമായി യാതൊന്നും ഉണ്ടായിരുന്നില്ല. നിങ്ങളല്ലേ എന്നെ പോററിവളത്തിയത്? അതുകൊണ്ടാണ്—

എളയ:— അതിനെപ്പററി ഒന്നും പറയേണ്ടതില്ല കുട്ടാ! എനിക്ക് ഈ വീടും അല്പം സ്വത്തും മാത്രമേ ഉണ്ടായിരുന്നുള്ളു. ബാക്കിയെല്ലാം നിന്റെ സമ്പാദ്യമല്ലേ?

കുമാ:— എങ്കിലും ഈ വീട്—

എളയ:— അതു സാരമില്ല. അതിനെ നീ എത്ര വലുതാക്കീട്ടുണ്ട്! പഴയ വീട് എവിടെയായിരുന്നു എന്നു തന്നെ പറയാൻ പ്രയാസപ്പെടും.

കുമാ:— രുഗ്മിണിക്കു നിങ്ങളോടുള്ള സ്നേഹം—

എളയ:— ശരി, ശരി, കുട്ടാ. അതെല്ലാം എനിക്കറിവുള്ളതല്ലേ? ഉറങ്ങു കുമാര!

കുമാ:— ഞാൻ എന്റെ സവ്വസ്വവും രുഗ്മിണിയുടെ പേക്കാക്കീട്ടുണ്ടെങ്കിലും, അതെല്ലാം യഥാത്ഥത്തിൽ നിങ്ങളുടേതു തന്നെയാണ് എളയമ്മേ! അവൾ നിങ്ങളുടെ ചൊല്പടിക്കു നടക്കും.

എളയ:— കുട്ടാ, നീ എന്തിനാണ് അതിനെപ്പററി ഇത്രയെല്ലാം മനസ്സു മുഷിപ്പിക്കുന്നത്?

കുമാ:— എനിക്കുള്ളതെല്ലാം നിങ്ങൾ നിമിത്തമായി സിദ്ധിച്ചിട്ടുള്ളതാണ്. എന്റെ മരണപത്രം കാണുമ്പോൾ നി

ങ്ങൾ തെററിദ്ധരിക്കരുതെന്ന് —

എളയ:— എന്താണ് കുമാരാ! നീ വിചാരിച്ചത്? നിന്റെ സ്വത്തുക്കളെല്ലാം രുഗ്മിണിക്കു കൊടുത്തു കളഞ്ഞതുകൊണ്ടു ഞാൻ ശണ്ഠയ്ക്കു പുറപ്പെടുമെന്നോ? ഞാൻ അത്ര നീചയാണോ, കുട്ടാ!

കുമാ:— എന്നാൽ നിങ്ങൾക്കും—

എളയ:— കുമാര! എന്നെ പണം കൊണ്ടു സമാധാനപ്പെടുത്തുവാനാണോ നിന്റെ ആഗ്രഹം?

കുമാ:— പണത്തെക്കാൾ അധികം മേത്തരമായതു വല്ലതും തരേണമെന്ന് എനിക്കു അത്യാഗ്രഹമുണ്ട്. പക്ഷേ സാധിക്കാത്ത കുറവു മാത്രമേ ഉള്ളൂ.

എളയ:— അതു നീ ധാരാളത്തിലധികം തന്നുകഴിഞ്ഞിരിക്കുന്നു. എന്റെ ഏകാന്തമായ ഗൃഹത്തിന്നു നീ ഒരു അലംകാരമായിരുന്നില്ലേ? അതിനുള്ള പുണ്യം ഞാൻ ജന്മാന്തരങ്ങളിൽ ചെയ്തതായിരിക്കണം. ഇനിയൊന്നും അനുഭവിക്കുവാൻ എനിക്ക് യോഗമില്ലെന്നു വരികിൽ കൂടി എനിക്ക് ആക്ഷേപത്തിന്നവകാശമില്ല. നീ എനിക്കു അത്രകണ്ട് ഗുണം ചെയ്തിട്ടുണ്ട്. നിന്റെ വീട്, പണം, വണ്ടി, നിലം, സര്‍വ്വവും രുഗ്മിണിക്കുതന്നെ കൊടുക്കണം. ഈ ഭാരങ്ങൾ ഏല്ക്കുവാൻ എനിക്കു ത്രാണിയില്ല.

കുമാ:— നിങ്ങൾക്കു ജീവിതസുഖങ്ങളിൽ ആസക്തിയില്ലെന്ന് എനിക്കറിയാം. എങ്കിലും രുഗ്മിണിക്കു ചെറുപ്പമാകയാൽ—

എളയ:— നീ അങ്ങിനെ പറയരുത്! നിന്റെ ആഗ്രഹം അങ്ങിനെയാണെങ്കിൽ, നീ സ്വത്തു മുഴുവനും അവൾക്കുതന്നെ കൊടുക്കേണ്ടതാണ്. പിന്നെ സുഖിക്കുന്നതിന്റെ കാര്യമല്ലേ? അത്—

കുമാ:— എളയമ്മേ! അവൾ സുഖിക്കേണ്ടതല്ലേ? അതിലെന്താണ് ദോഷം വരാനുള്ളത്?

എളയ:— അത് അസാദ്ധ്യമാണ്. അവൾക്ക് അതിലൊന്നും അഭിരുചി ഉണ്ടാകയില്ല.

കുമാരൻ നിശ്വസിച്ചുകൊണ്ടു പറഞ്ഞു:—

സമ്മാനിക്കുവാൻ യഥാർത്ഥത്തിൽ യോഗ്യതയുള്ള ആ സാധനം നമുക്ക് ഇവിടെ വിട്ടുപോകുവാൻ തരമില്ലല്ലോ!

എളയ:— നീ ഇപ്പോൾ കൊടുക്കാൻ ഭാവിക്കുന്നത് ഒന്നുകൊണ്ടും നിസ്സാരമായിട്ടുള്ളതല്ല. അവൾക്കു കിട്ടിട്ടുള്ളതിനെ വിലമതിക്കുവാൻ തക്കതായ പ്രാപ്തി അവൾക്ക് ഉണ്ടാകേണമേ എന്നാണ് എന്റെ പ്രാർത്ഥന.

കുമാ:— എനിക്കു വല്ലാതെ ദാഹിക്കുന്നു. ആ വെള്ളം അല്പം എടുത്തു തരൂ. രുഗ്മിണി ഇന്നലെ എന്റെ അടുക്കൽ വന്നിരുന്നുവോ? എനിക്ക് ഓർമ്മയില്ല.

എളയ:— ഉവ്വ്, വന്നിരുന്നു. എങ്കിലും നീ അപ്പോൾ ഉറങ്ങുകയായിരുന്നു.

കുമാ:— ഇതെന്തൊരാശ്ചര്യമാണ്. അതേസമയം തന്നെ രുഗ്മിണി എന്റെ മുറിയിലേയ്ക്കു പ്രവേശിക്കുവാൻ ഭാവിക്കുന്നതായി ഞാൻ സ്വപ്നം കണ്ടു. വാതിൽ അല്പം തുറന്നുവെച്ചിട്ടുണ്ടായിരുന്നു. അവൾ അതു തുറക്കുവാൻ ഭാവിച്ചുവെങ്കിലും സാധിച്ചില്ല. പക്ഷേ, എളയമ്മേ! നിങ്ങളുടെ പ്രവൃത്തിവളരെ കവിഞ്ഞുപോകുന്നു. ആസന്നമരണനായ എന്നെ കാണുവാൻ അവളെ ഒന്ന് അനുവദിക്കണം. അല്ലാത്തപക്ഷം എന്റെ ദേഹവിയോഗം അവൾ

ക്ക് വളരെ ദുസ്സഹമായിരിക്കും.

എളയ:— മകനേ! ഞാൻ ഈ സാൽവ നിന്റെ കാലിൽ പുതപ്പിക്കട്ടെ! കാലു വല്ലാതെ തണുത്തിരിക്കുന്നു.

കുമാ:— വേണ്ടാ എളയമ്മേ! അതെനിക്കു വളരെ ദുസ്സഹമായിരിക്കുന്നു.

ഊട്ടക്കമണ്ട്.

എളയ:— ഈ സാൽവ നിനക്കുവേണ്ടി രുഗ്മിണി തന്നെ തുന്നിയുണ്ടാക്കിയതാണ്. അവൾ ഉറക്കൊഴിച്ചു പണിയെടുത്തതിന്റെ ഫലമാണിത്. ഇന്നലെയാണ് ഇതു മുഴുവനാക്കിയത്.

— വി. ഉണ്ണികൃഷ്ണൻ നായർ.

## ചില പുതിയ യന്ത്രങ്ങൾ.

"കുറെക്കാലംകൂടി കഴിഞ്ഞാൽ, വാലില്ലാത്ത കുരങ്ങന്മാർ എന്നു ചിലർ പറയാറുള്ള ഈ വെള്ളക്കാരായും നമ്മുടെ ദൈവങ്ങൾ." എന്നു സരസനായ എന്റെ ഒരു സ്നേഹിതൻ, തൃശ്ശൂരുള്ള മരമറുക്കുകമ്പനി കണ്ടു പോരുംവഴി പറഞ്ഞതു ഞാൻ ഇന്നും മറന്നിട്ടില്ല. നമ്മെയൊക്കെ ആശ്ചര്യപരതന്ത്രന്മാരാക്കിത്തീർക്കുന്ന അനവധി തരം യന്ത്രങ്ങൾ ഈ വെള്ളക്കാരുടെ തലച്ചോറിന്റെ ഫലമായി നാം കണ്ടിട്ടുണ്ട്; ഇനി എന്തെല്ലാം കാണാനിരിക്കുന്നു! തീവണ്ടി, തീക്കപ്പൽ കമ്പി, കമ്പിയില്ലാക്കമ്പി, ആകാശയാനം മുതലായ യന്ത്രങ്ങളൊക്കെ മുഴത്തിനു മൂന്ന് എന്ന ദിക്കായി. പക്ഷെ ഒരു കാര്യമുണ്ട്: ഒപ്പം ആൾ നിന്നില്ലെങ്കിൽ 'കാര്യം തഥൈവ' എന്ന കണക്കാണ് ഇവയൊക്കെത്തന്നെയും. ഗാർഡില്ലാതെ തീവണ്ടി വിട്ടാലത്തെ കഥയെന്താണ്! മദം പൊട്ടിയ ആനയെപ്പോലെ കുതിച്ചു പായുന്ന ആ വണ്ടി കപണം കുത്തി മറിഞ്ഞ് എന്തെല്ലാം ഏടാകൂടങ്ങളാണ് വരുത്തിക്കൂട്ടുക! അശരീരികളുടെ മറിമായമാണെന്നുകൂടി ഭ്രമിപ്പിക്കുന്ന കമ്പിയില്ലാകമ്പിയേപ്പോലും ആൾസ്സഹായമില്ലെങ്കിൽ ഗോപിതന്നെ. ഇങ്ങിനെ, ഇവയെല്ലാക്കയും ഒരു 'പാപ്പാൻ' കൂടിയേ കഴിയൂ.

പിന്നെ എങ്ങിനെയാണ്, ലണ്ടനിലും, മററുപ്രധാനപട്ടണങ്ങളിൽ പലേസ്ഥലങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള യന്ത്രങ്ങൾ പണംവാങ്ങി സാമാനങ്ങൾ വില്ക്കുന്നത് എന്നു ചോദിച്ചാൽ അതു, തൊലിവെളുത്ത കൂട്ടരുടെ അതിരുകവിഞ്ഞ ബുദ്ധികൌശലത്തിന്റെ ഫലം എന്നേ പറഞ്ഞുകൂടൂ. ലണ്ടൻ, ന്യൂയോക്ക്, ബർലിൻ മുതലായ ലോകത്തിലെ പ്രധാന പട്ടണങ്ങളിൽ അവിടവിടെയായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഇത്തരം സാമാനവില്പനയന്ത്രങ്ങൾ കാട്ടിക്കൂട്ടുന്ന പണികൾ കണ്ടാൽ ആശ്ചര്യവും വിനോദവും ഒരുമിച്ചുതന്നെ നമുക്കുണ്ടാവും. ഈ യന്ത്രങ്ങൾ, ബ്രാണ്ടിവേണമെങ്കിൽ ബ്രാണ്ടി, വൈൻ വേണമെങ്കിൽ വൈൻ, ഇങ്ങിനെ ഉപ്പു തൊട്ടു കർപ്പൂരം വരെ ആവശ്യമുള്ളതെല്ലാം, കൊടുക്കുന്ന പ

ണമനുസരിച്ചശരാശരിയായിവില്ക്കുന്നകാ ഴ്ച കാണേണ്ടതു തന്നെയാണ്. തലയില്ലെങ്കിലെന്ത്? മനുഷ്യർ ചെയ്യുന്നതിലും ഭംഗിയായി കാര്യങ്ങൾ നിവ്വഹിച്ചാൽ പോരെ? ഓരോ യന്ത്രങ്ങളുടെ മുകളിലും വലിയ അക്ഷരത്തിൽ ഇവിടെ ഇന്നിന്ന സാധനങ്ങൾ വില്ക്കപ്പെടുന്നു എന്നെഴുതിപ്പതിച്ചിരിക്കും. അതിന്നടുത്തു ചെന്നു പണം വെച്ചു കൊടുത്താൽ ആവശ്യപ്പെട്ട സാധനങ്ങൾ കയ്യിൽ തരും. കച്ചോടക്കാരന്ന് ഒരു ചുമതലയുമില്ല. വൈകുന്നേരമായാൽ യന്ത്രങ്ങളുടെ പൂട്ടുതുറന്നു വിററു കിട്ടിയ പണം കീശയിൽ വാരി നിറയ്ക്കണമെന്ന ഒരൊററ ജോലിയേ അവന്നുള്ളു; വേലക്കാർ തെറ്റി'യെന്നോ വാങ്ങുന്നവൻ കട്ടുവെന്നോ ഒന്നും വരില്ല; കാര്യമൊക്കെ ബഹുകണിശം! കടം കൊടുക്കുന്ന ഏപ്പാടേ ഇല്ല. കള്ളത്താക്കോലിട്ടു തുറക്കാൻ പാടില്ലാത്ത വിധത്തിൽ വളരെ ഉറപ്പിലാണ് യന്ത്രത്തിന്റെ പൂട്ടും.

പല പ്രധാന പട്ടണങ്ങളിലും ഇപ്പോൾ ഇത്തരം യന്ത്രങ്ങളാണത്രെ, സ്റ്റാമ്പുവില്പന, ചില്ലറമാററം, ടിക്കററു വില്പൽ, ചിത്രം കാണിക്കൽ മുതലായ വിവിധ വ്യാപാരങ്ങൾ നടത്തുന്നത്. റഷ്യാരാജ്യത്തു ഞായറാഴ്ചദിവസങ്ങളിൽ എന്തു വില കൊടുത്താലും സ്റ്റാമ്പു വാങ്ങിപ്പാൻ കിട്ടുകയില്ല. സ്റ്റാമ്പു വില്ക്കുന്ന ഒരു യന്ത്രം അവിടെ വരുത്തിയപ്പോൾ ആ ബുദ്ധിമുട്ടില്ലാതായി. ഞായറാഴ്ച വില്പനയിൽ ഉള്ള പാപം ആ യന്ത്രം വഹിച്ചുകൊള്ളട്ടെ എന്നായിരിക്കാം റഷ്യക്കാരുടെ വിചാരം! ആ യന്ത്രം നരകത്തിൽ കിടന്നു പിടയട്ടെ!

പിന്നെ, വേറൊരുതരം യന്ത്രം ഇപ്പോൾ ജർമ്മൻകാർ കണ്ടുപിടിച്ചിട്ടുണ്ട്. ആ യന്ത്രത്തിൽ ഉണ്ടകളിട്ടു കൊടുത്താൽ കുറി തെററാതെ വെടിവെച്ചുകൊള്ളും. നമ്മുടെ കൈക്കേമൻതോക്കുകാർ ഈ യന്ത്രത്തോടു തോല്ക്കുകയേയുള്ളു. ഉന്നം തെററാതെ വെടിവെക്കുന്നത് എങ്ങനെയെന്ന്, ഇക്കൂട്ടർ ആ യന്ത്രത്തോടു ചോദിച്ചു പഠിക്കട്ടെ.

മറെറാരുതരം യന്ത്രംകൂടി ജർമ്മൻകാരുടെ വകയായിട്ടുണ്ട്. ആ യന്ത്രത്തിന്റെ മുമ്പിൽ ചെന്ന് ഒരണനാണ്യം ഇട്ടുകൊടുത്താൽ ഒന്നാന്തരം ഒരു പിടക്കോഴി ചാടി വരുന്നതു കാണാം. വന്നു നിന്ന ഉടനെ അതു ചിറകടിച്ച് ഒന്നു കൂവും. എന്നിട്ടു നിലത്തോടു പതുങ്ങി ഒരു മുട്ടയും ഇടും. ഒരണക്കാരന്ന് ആ മുട്ടയും എടുത്തു നടക്കാം. ബർലിനിലുള്ളവർ എത്ര പേരാണ് ഒരുദിവസം ആ കോഴിയെക്കൊണ്ടു മുട്ടയിട്ടുവിപ്പിക്കുന്നതെന്നതിനു കണക്കില്ല. ഒരു നിമിഷം നേരം പോലും അവർ കോഴിക്കു വിശ്രമം കൊടുക്കില്ല. ഒരു മുട്ടയിട്ടു കോഴി അകത്തേയ്ക്കു കടന്ന ക്ഷണത്തിൽ എത്തും, വേറൊരുവൻ ഒരണയും കൊണ്ട്! എന്തു ചെയ്യട്ടെ. രണ്ടാമതും കോഴി പുറത്തു ചാടും. എന്നാൽ ഈ മുട്ടകളൊക്കെ വാസ്തവത്തിലുള്ള കോഴിമുട്ടകളല്ല. പഞ്ചസാരകൊണ്ടുണ്ടാക്കിയ മിഠായികളാണ്. കോഴിയും കോഴിയല്ല; ഒക്കെ ജർമ്മൻകാരുടെ മറിമായം!

സോപ്പ്, സുഗന്ധദ്രവ്യങ്ങൾ മുതലായവ വില്ക്കുന്നതിനു യൂറോപ്പുകാർ നായ, ചെന്നായ, പൂച്ച, കുറുക്കൻ മുതലായ ജന്തുക്കളെയാണ് ഭരമേല്പിച്ചിട്ടുള്ളത്. അവ, അതാതിന്നു സഹജമായ സ്വ

രത്തിൽ നിലവിളിച്ച് ആളുകളെ അടുപ്പിച്ചു സാമാനങ്ങൾ വിററുവരുന്നു. ആരേയും കടിക്കുകയോ ഉപദ്രവിക്കുകയോ ഇല്ല. ഒരു നായ വളരെ ഇണക്കത്തിൽ വാലാട്ടിക്കൊണ്ടു, സോപ്പു തരുന്നതു വാങ്ങാൻ ആളുകൾ മേല്ക്കുമേൽ വന്നുകൂടുന്നതിൽ എന്താണത്ഭുതം?

ഇത്തരം യന്ത്രങ്ങൾക്ക് അത്രയധികം വിലയില്ലെന്നാണറിയുന്നത്. അതുകൊണ്ടു തന്നെയായിരിക്കാം, അമേരിക്കയിലും ജർമ്മനിയിലും മററും ദിവസംതോറും അനവധിയന്ത്രങ്ങൾ ചിലവായിക്കൊണ്ടിരിക്കുന്നത്.

കുന്നംകുളം.

—സി. കെ. ഗോപാലകൃഷ്ണയ്യർ.

## ഒരു ഭടപത്നി.

1. വീരങ്കിത്തോക്കിലെച്ചില്ലുകൾ നിജദയിതൻതന്റെ വക്ഷഃസ്ഥലത്തും
ക്രൂരം തന്മൃത്യുവൃത്തം ഝടിതി ചെവിയിലും കഷ്ടമൊപ്പം പതിക്കേ,
വീരസ്ത്രീരത്നമൊന്നൽക്കടതരവിഷമേറ്റെന്നപോലെ മുഹൂർത്തം
നേരം നേരായ് മരിച്ചു; തദനു ചെറുതു ജീവിച്ചു ചൊന്നാളിവണ്ണം:—

2. "പാരിച്ചോരാരണം താൻ പല യുവതിജനങ്ങൾക്കുമാഹന്ത! കാന്ത-
ന്മാരില്ലാതാക്കി, യോർത്താലവരിലൊരുവളായ് ഞാൻമിന്നത്ര തന്നെ,
നേരിട്ടോരീ വിപത്തിന്നൊരു വലിയ സമാധാനമുൾച്ചേർക്കിലും ക-
ണ്ണീരിന്നും മെയ്യുലച്ചും കടുതരനെടുവീർപ്പിന്നുമില്ലന്തരായം.

3. നേത്രദ്വാരാ ഭവാനെ സ്മരസുഭഗ! നുകർന്നീടുവാനും, ഭവാൻതൻ
ഗാത്രത്തെഗ്ഗാഢമായിത്തഴുകിടുവതിനും മോഹമുണ്ടായിരുന്നു;
യാത്രയ്ക്കായങ്ങൊരുങ്ങുന്നളവിലിടയതിന്നേകിയില്ലിന്ദു ലജ്ജാ-
പാത്രം ഹാ!ഹാ! നവോഢാജനസുലഭമഹോ! മുഗ്ദ്ധതാപാരതന്ത്ര്യം.

4. കേളിപ്പെട്ടുള്ളൊരങ്ങേർകരമനഘ! പിടിച്ചാട്ടിനത്തിന്റെ പിറ്റേ-
ന്നാളിൽത്തന്നേ സധൈര്യം പുരുഷവര! പുറപ്പെട്ടു പോർമുന്നണിക്കായ്;
ആളിന്നാരാം ഭവാനോടിണ? പുകൾ പെരുകുന്നാംഗ്ലസാമ്രാജ്യലക്ഷ്മീ-
വാളിന്നായ് നീ ശ്രമിച്ചു; കഠിനത കലരും ദൈവമെന്നെച്ചതിച്ചു!

5. നിൻനാശാൽ മാതൃഭൂമിക്കൊരു മകനു,മെനിക്കെന്റെ നിർവ്യാജരാഗ-
ത്തിന്നാകെപ്പാത്രമായുള്ളൊരു യുവവരനും കഷ്ടമേ! നഷ്ടമായി;
എന്നാണോ! ശത്രുവിന്നുത്തമനൊരുഭടനെക്കൊന്ന സൽകീർത്തിയും, ഞാ-
നിന്നാൾ സപത്നിമാർക്കുൾപ്രമദവുമുളവായെന്നു കേൾക്കേണ്ടിവന്നു!

6. വീരസ്വർഗ്ഗത്തിൽ നിന്നിൽസ്സുരയുവതിസമൂഹങ്ങൾ ചാർത്തട്ടെ, ചാരു-
ശ്രീ രഞ്ജിച്ചീടുമാറായ്ച്ചതുരതരകടാക്ഷാളിമാലാകലാപം!
സ്ഥൈരപ്രേമാനുബന്ധത്തിനു പരവതി ഞാൻ കണ്ണുനീർകൊണ്ടു മുക്താ-
ഹാരത്തെച്ചേർത്തിടാം നിൻപ്രതികൃതിയിലഹോരാത്ര,മെന്നത്രപോരേ!

7. കൊണ്ടാടും യുദ്ധവും നിന്നുടെ വിരഹവുമാരബ്ധമായിട്ടു കൊല്ലം
രണ്ടായീ; സ്വൈരമീ ഞാനിതിനിടയിൽ മനോരാജ്യഭാരത്തെയേററു;
ഉണ്ടായോരോരോ പ്രതീക്ഷാഭര;മതിഹ ഭവന്മൃത്യുവാമീ വിഷത്തീ-
കൊണ്ടാകെബ്ഭസ്മമായീ; ശരണമിനിയെനിക്കശ്രുവും കയ്യുമത്രേ!

8. ഹാ! കഷ്ടം! ജീവനില്ലാങ്കിലുമയി, തവ വക്ഷസ്സിൽ വീണിന്നു പാഴാം
ലോകത്തെക്കൈവിടാനീശ്വരനതികഠിനൻ യോഗമിങ്ങേകിയില്ല;
ആകല്പശ്രീ ഭവാൻ കെട്ടിയ മമ ഗളസൂത്രത്തെ വേഗം പറിപ്പാ-
നാകപ്പാടേ നിനക്കുംപൊഴുതിഹ ശിവനേ! കയ്യു ചെല്ലുന്നതില്ല.

9. ‘കാണാം ചാകാഞ്ഞിലെ’ന്നോ സരഭസമയി, തേ യുദ്ധയാത്രാമുഖത്തിൽ
പ്രാണാധീശാ! നീ ചൊന്നതു? ഹര! ഹര! മൽപാപകർമ്മം ഫലിച്ചു;
ചേണാന്നെൻമുന്നിലാരാണിതു, മമ വരനോ? മിന്നൽപോൽ മാറിടുന്നെ-
ന്താണാവോ, ദുർവ്വിധേ! നിന്നുടെ കൊടുതിടിയും മിന്നലും ഹാ! കഠോരം!

10. കാലൻ കൈവെച്ചു നിന്നോമനമകനിലതാ! മാതൃഭൂമേ! ജവാലി-
കാലം പോരിൽപ്പുകഴ്ന്നുള്ളൊരു പടുപുലി പോയെന്നു മാഴ്കീ രണശ്രീ;
ബാലപ്പെണ്ണായ ഞാനെന്നുടെ നവതരമാം താലി പൊട്ടിച്ചു; പെട്ടെ-
ന്നാ ലക്ഷ്യം തെററിടാതേ വിധിയൊരു വെടികൊണ്ടെത്ര നാശം വരുത്തി!

11. പോരിൻമുൻചെന്നു ഞാനുൽക്കടതരവെടിയേല്ക്കണമെന്നില്ല; ചാകാൻ
നേരിട്ടത്യുഗ്രഭാവം പെരുകിയ നരിതൻ വായിൽ വീഴേണ്ടതില്ല;
ഭൂരിശ്രീ ചേർന്നോരെൻനായകനുടെ മൃതിയെപ്പററിയുള്ളീ വിചാരം
തീരില്ലെന്നാകിലെന്തീയിതു മമ മരണത്തിന്നു തീയ്യുണ്ടയല്ലേ?

12. വല്ലാത്തോരന്ധകാരക്കുഴിനടുവിലണഞ്ഞാണ്ടുപോകുന്നുവോ ഞാ-
നെ,ല്ലാമെന്നംഗമററററിവിടെയുടനിതാ! വീണിടുന്നോ കടപ്പം!
ചൊല്ലാൻ വയ്യെ”ന്നുരച്ചിങ്ങിനെയൊരു നെടുവീർപ്പോടു കൂടിജ്ജവാലാ-
നല്ലാരിന്മൌലി വീണ്ടും നിജശയനതലത്തിങ്കൽ മോഹിച്ചു വീണു.

നെന്മാറ.

—മരുത്തൂർ കരുണാകരമേനോൻ.

## പാവാരിബാബ.

ശ്രീരാമകൃഷ്ണപരമഹംസരുടെ ജീവചരിത്രവും തത്ത്വോപദേശങ്ങളും അതിലളിതമായ രീതിയിൽ എഴുതപ്പെട്ടിട്ടുള്ള ഒരു ഇംഗ്ലീഷുപുസ്തകത്തിൽ, അദ്ദേഹത്തെപ്പോലെ തന്നെ ഒരു പരമഹംസനായിരുന്ന പാവാരിബാബയുടെ ചരിത്രം ചുരുക്കത്തിൽ ചേർത്തിട്ടുണ്ട്. ആ ഭാഗം സംഗ്രഹിച്ചു ചുവടെ കൊടുക്കുന്നതു മലയാളികൾക്കു രസകരമായിരിക്കുമല്ലോ.

